
PENDRIVE
little
KITEs
LITTLE KITES
2023-24

# Little Kite-GHSS Mathil




GHSS Mathil, Mathil PO,
Kannur-670307, Ph:04985280800
email: mathil13092@gmail.com

# EDITORIAL

## Chief Editor

**SULEKHA P (Headmaster)**

## Staff Editor

**RAJESH KUMAR M P (SITC)**

## Student Editor

**DEVARAG RAJESH**

## Editor Board

- **Chithra K P(Kite Mistress)**
- **SREEJA P (Kite Mistress)**
- **Muhammed Sharafudheen**
- **Akash A P**
- **Sarang S**
- **Athish G Prasad**
- **Karthika N T**

# എഡിറ്റോറിയൽ

മാത്തിൽ ഗവ.ഹയർ സെക്കന്ററി സ്കൂളിലെ 'Little kites' club ന്റ 'e-മാഗസിൻ' എഡിറ്ററായി എന്നെ തിരഞ്ഞെടുത്തതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

‘PENDRIVE’ എന്ന് നാമകരണം ചെയ്ത little kites ന്റെ നേതൃത്വത്തിലുള്ള e-മാഗസിൻ സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള ഒരു നാഴികക്കല്ലാണെന്ന് മാത്രമല്ല ഇതിനു പിറകിൽ പ്രവർത്തിച്ചത് നമുക്ക് സന്തോഷവും സംതൃപ്തിയും നൽകുന്നു എന്നത് കൂടി എടുത്തു പറയേണ്ട ഒരു കാര്യമാണ്.

ഈ മാഗസിൻ നിർമ്മിക്കുന്നതിന് നമുക്ക് ഒരുപാട് പ്രശ്നങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. ഐടി മേഖലയിൽ കുട്ടികളുടെ കഴിവ് തെളിയിക്കുന്ന ഒരു മാഗസിൻ കൂടിയാണ് ഇതെന്നുള്ളതിന് ഒരു സംശയവുമില്ല.

ഈ മാഗസീനിലേക്ക് സൃഷ്ടികൾ തന്ന് സഹായിച്ച എല്ലാ അധ്യാപകരേയും വിദ്യാർത്ഥികളെയും ഞാൻ അഭിനന്ദിക്കുന്നു.

**സ്റ്റുഡന്റ് എഡിറ്റർ**
ദേവരാഗ് രാജേഷ്

# എഡിറ്റോറിയൽ

വിദ്യാഭ്യാസമേഖലയിൽ വലിയൊരുകുതിച്ചു ചാട്ടം നടത്തിക്കൊണ്ടിരിക്കുകയാണ് ഇന്ന് കേരളം. വിവര സാങ്കേതിക വിദ്യയിൽ പാശ്ചാത്യനാടിനോടൊപ്പം കിടപിടിക്കാൻ ത്രാണിതേടി-ക്കൊണ്ടിരിക്കുകയാണ് നമ്മുടെ നാട്ടും. സമൂഹത്തിന്റെ നല്ല മാറ്റത്തിന് വിദ്യാഭ്യാസത്തിന്റെ സ്വാധീനം ഏറെയാണ്. സാമൂഹ്യ പുരോഗതി ലക്ഷ്യം വെച്ചുള്ള വിദ്യാഭ്യാസം മൂല്യാധിഷ്ഠിതവും കൂടിയായിരിക്കണം. അത് സർഗാത്മകവുമായിരിക്കണം. ഇത്തരത്തിൽ വിദ്യാർത്ഥികളുടെയും അവർക്ക് ദിശാബോധം നൽകുന്ന അധ്യാപകരുടെയും കൂട്ടായ ശ്രമമാണ് ഏതൊരു വിദ്യാലയത്തിന്റെയും മികവ് തെളിയിക്കുന്നത്. സാങ്കേതിക വിദ്യ വികസിക്കുന്നതിനനുസൃതമായി അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും അധ്യാപന, പഠന രീതികളിലും വൈവിധ്യം വന്നിരിക്കുന്നു. ഇത്തരത്തിൽ സാങ്കേതിക വിദ്യ വശമാക്കിയ വിദ്യാർത്ഥി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ഇവരുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഇ-മാഗസിൻ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മുതൽ കൂട്ടാകുമെന്ന് പ്രത്യാശിക്കാം.

*സ്റ്റാഫ് എഡിറ്റർ*
*ശ്രീജ പി*

# ആശംസ



പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമുയർത്തി കുട്ടികളെ അന്തർദേശീയ നിലവാരത്തിൽ എത്തിക്കുക എന്നത് ഈ പ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികളുടെ മികവുകൾ കണ്ടെത്തുവാനും അത് പരിപോഷിപ്പിക്കുന്നതിനുമുള്ള തനതായ പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ നടന്നു വരികയാണ്.

എം വി എം കുഞ്ഞിവിഷ്ണു നമ്പീശൻ സ്മാരക ഗവ: ഹയർ സെക്കന്ററി വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾ അവരുടെ സാഹിത്യ രചനകൾ, ഐടി സാങ്കേതിക വിദ്യയിലുള്ള കഴിവുകൾ പ്രയോജനപ്പെടുത്തി തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

***ഹെഡ്മിസ്ട്രസ്***
***സുലേഖ പി***

## ഉള്ളടക്കം

........................................................................................................1
........................................................................................................2
എന്റെ വിദ്യാലയം..................................................................................2
കവിത........................................................................................................9
കഥകൾ......................................................................................................11
......................................................................................................12
അമ്മുവിന്റെ അബദ്ധം............................................................................13
എന്റെ ജില്ല കണ്ണൂർ................................................................................22
......................................................................................................26
വെണ്ണകട്ട കുറുമ്പൻ...............................................................................27
വേദനകൾ..................................................................................................29
photos......................................................................................................31
എന്റെ കഥ................................................................................................33
DRAWINGS..............................................................................................37
Home is the most comfort zone ever...................................................38
കൊച്ചുപൂവിന്റെ സങ്കടം........................................................................40
SOLAR SYSTEM.......................................................................................41
സുന്ദരിയായ പൂവ്....................................................................................42
ഓർക്കുന്നു ഞാൻ അവളെ......................................................................44
യാത്ര തുടരുകയായിരുന്നു!.....................................................................46
photos......................................................................................................53
NATURE...................................................................................................56
Drawings by our.......................................................................................58
PHOTOGRAPHY........................................................................................59
HINDI.......................................................................................................60
BARISH MEM YUDH...............................................................................61

# എന്റെ വിദ്യാലയം

അക്ഷരങ്ങളുടെയും അറിവിന്റെയും ലോകം ജനസാമാന്യത്തിനു തുറന്നു നൽകുന്ന വിദ്യാലയങ്ങൾ ഓരോ നാടിന്റെയും സാംസ്കാരിക ചിഹ്നങ്ങളാണ്. അജ്ഞതയുടെ അന്ധകാരത്തിൽ നിന്നും അറിവിന്റെ വെളിച്ചത്തിലേക്ക് ജനങ്ങളെ കൈപിടിച്ചുയർത്തുന്ന വിദ്യാഭ്യാസ പ്രക്രിയ ഒരു സമൂഹത്തെയാകെ മാറ്റിമറിക്കുന്നു. 'വിദ്യാവിഹീന പശു' എന്ന വാക്യം വിദ്യാഭ്യാസത്തിന്റെ ഔന്നിത്യം നമ്മോട് വിളിച്ചോതുന്നു. ജനാധിപത്യപരവും വികസനോന്മുഖവുമായ വിദ്യാഭ്യാസം നേടുക എന്നത് ഏതൊരു പൗരന്റെയും അവകാശവും അത് നൽകുക എന്നത് സർക്കാരിന്റെ ചുമതലയും സമൂഹത്തിന്റെ ഉത്തരവാദിത്വവുമാണ്.

ആയിരങ്ങൾക്ക് അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്നുനൽകുകയും വിവിധ രംഗങ്ങളിൽ മികവാർന്ന പ്രതിഭകളെ സൃഷ്ടിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന എം വി എം കുഞ്ഞിവിഷ്ണു നമ്പീശൻ സ്മാരക ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ ഈ പ്രദേശത്തിന്റെ മാർഗദീപവും അഭിമാനവുമാണ്.



# ചരിത്രം

മാത്തിലും പരിസരത്തുമുള്ള ജനങ്ങളുടെ വിദ്യാഭ്യാസം സാധ്യമാക്കാനും പുരോഗമന പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചു എന്നതിനാൽ സർട്ടിഫിക്കറ്റ് സസ്പെൻഡ് ചെയ്യപ്പെട്ട് ജയിൽവാസം അനുഭവിക്കേണ്ടിവന്ന ശ്രീ എം.രാഘവൻ നമ്പ്യാരെ പോലെയുള്ളവരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് വേണ്ടിയാണ് മാത്തിൽ ഹയർ എലിമെന്ററി സ്കൂൾ 1950 ൽ സ്ഥാപിതമായത്. കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്തിന്റെ പ്രഥമ പ്രസിഡൻറും ഈ നാടിന്റെ സർവോന്മുഖമായ വികസനത്തിന് അനുദിനം പ്രവർത്തിക്കുകയും ചെയ്ത ശ്രീ എം വി എം കുഞ്ഞിവിഷ്ണു നമ്പീശൻ ആണ് ഈ വിദ്യാലയം സ്ഥാപിച്ചത്.

1957 ൽ അധികാരത്തിൽവന്ന ശ്രീ ഇ എം എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള സർക്കാർ മലബാറിൽ 36 ഗവൺമെന്റ് സ്കൂളുകൾ അനുവദിക്കാൻ തീരുമാനിച്ചു. തീരുമാനമനുസരിച്ച് മാത്തിലിൽ പുതിയ ഹൈസ്കൂൾ അനുവദിക്കണമെങ്കിൽ തന്റെ സ്കൂളിന്റെ പ്രവർത്തനം അവസാനിപ്പിക്കണമെന്ന് ക്രാന്തദർശിയായ ശ്രീ കുഞ്ഞിവിഷ്ണു നമ്പീശൻ മനസ്സിലാക്കുകയും പുതിയ കെട്ടിടവും സ്ഥലവും സൗജന്യമായി നൽകാമെന്ന് സർക്കാറിനു ഉറപ്പുനൽകുകയും, ആയതിൻ പ്രകാരം ഹൈസ്കൂൾ അനുവദിക്കപ്പെടുകയും ചെയ്തു. കാറ്റാടി സ്കൂൾ എന്നറിയപ്പെട്ട മാത്തിൽ ഹയർ എലിമെന്ററി സ്കൂളിന്റെ പ്രവർത്തനം അവസാനിപ്പിക്കുകയും അവിടെ പഠിച്ചിരുന്ന കുട്ടികളുടെ ടി.സി. പുതിയ സ്കൂളിലേക്ക് നൽകുകയും ചെയ്തു. അങ്ങനെ ആ ചരിത്രനിമിഷം, 1957 ജൂലൈ 13 ന് ശ്രീ പി ടി ഭാസ്കരപ്പണിക്കർ മാത്തിൽ ഗവൺമെൻറ് ഹൈസ്കൂൾ ഉദ്ഘാടനം ചെയ്തു.

പഴയ സ്കൂളിലും കട മുറികളിലും ലഭ്യമായ മറ്റു സ്ഥലത്തും 5 മുതൽ 11 വരെ ക്ലാസുകൾ പ്രവർത്തനം ആരംഭിച്ചു. ആലന്തട്ട മാത്തിൽ നാരായണൻ നമ്പീശനിൽ നിന്നും സൗജന്യമായി ലഭിച്ച 6 ഏക്കർ സ്ഥലവും അബ്ദുൾഖാദർ ഹാജി സൗജന്യമായി നൽകിയ സ്ഥലവും

ഉൾപ്പെട്ട സ്കൂൾ സ്ഥലത്ത് ഒരു ഹാൾ നാട്ടുകാരുടെ സംഭാവനയായി നിർമ്മിക്കുകയും ചെയ്തു. തുടർന്ന് നാട്ടുകാരുടെയും സർക്കാറിന്റെയും ഫണ്ട് ഉപയോഗിച്ച് വിവിധ കെട്ടിടങ്ങൾ നിർമ്മിച്ചു.

1970 കളോടു കൂടി സ്ഥലപരിമിതിയും വിദ്യാർത്ഥികളുടെ ബാഹുല്യവും മൂലം ഷിഫ്റ്റ് സമ്പ്രദായത്തിലേക്ക് മാറിയ ഈ വിദ്യാലയം 1996 ൽ പൂർത്തിയായ, ശ്രീ ഇ കെ നായനാർ അനുവദിച്ച 16 മുറികളുള്ള ഇരുനില കെട്ടിടം വന്നതോടുകൂടി ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചു.

1998 ൽ സ്കൂൾ ഹയർസെക്കൻഡറിയായി ഉയർത്തപ്പെട്ടു. രണ്ട് സയൻസ് ബാച്ചും ഒരു കൊമേഴ്സ് ബാച്ചും അടക്കം അൻപത് കുട്ടികൾ വീതമുള്ള മൂന്നു ബാച്ചുകൾ ആണ് പ്രാരംഭഘട്ടത്തിൽ ഉണ്ടായിരുന്നത്. 2008 ൽ രണ്ട് അഡീഷണൽ ബാച്ച് കൂടി അനുവദിക്കപ്പെട്ടതോടെ അഞ്ച് ബാച്ചുകൾ ഹയർസെക്കൻഡറിയിൽ ഇപ്പോൾ പ്രവർത്തിക്കുന്നു.

2000 ത്തിൽ സ്കൂൾ സ്ഥാപിച്ച ശ്രീ എം വി എം കുഞ്ഞിവിഷ്ണു നമ്പീശന്റെ ബഹുമാനാർത്ഥം വിദ്യാലയം എം വി എം കുഞ്ഞിവിഷ്ണു നമ്പീശൻ സ്മാരക ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂൾ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. 2007-08 വർഷം ഈ വിദ്യാലയം സുവർണ്ണ ജൂബിലി വർഷമായി ആചരിക്കുകയും വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി നാട്ടുകാരുടെയും പൂർവ്വവിദ്യാർഥികളുടെയും സഹായത്തോടെ സ്കൂളിൽ ആധുനിക സൗകര്യത്തോടു കൂടിയ ഒരു കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കപ്പെട്ടു. ഹയർസെക്കൻഡറി കോംപ്ലക്സ് നിലവിൽ വന്നതോടുകൂടി ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിലുണ്ടായിരുന്ന കുറവിന് അല്പം ആശ്വാസമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും നൽകിയ ഫണ്ടുകളും മറ്റും ഉപയോഗിച്ച് അതാത് കാലത്തെ പിടിഎ കമ്മിറ്റികൾ നടത്തിയ മാതൃകാപരമായ വികസന പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തെ ഇന്നത്തെ നിലയിൽ എത്തിച്ചിരിക്കുന്നു.

# വിദ്യാലയം ഇന്ന്

കണ്ണൂർ ജില്ലയിൽ കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്തിൽ മാത്തിലിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം പഞ്ചായത്തിലെ ഏക ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂൾ ആണ്. 5 മുതൽ 12 വരെ ക്ലാസുകളിലായി 1400 ൽ അധികം കുട്ടികൾ പഠിച്ചുവരുന്നു. അമ്പതിലധികം അധ്യാപകരും ഏഴ് അനധ്യാപകരും ഹയർസെക്കൻഡറിക്ക് പ്രിൻസിപ്പാളും ഹൈസ്കൂളിന് ഹെഡ്മാസ്റ്ററും മേധാവികളായി ഉണ്ട്. കാങ്കോൽ ആലപ്പടമ്പ പഞ്ചായത്തിൽ നിന്നു പൂർണമായും എരമം-കുറ്റൂർ, പെരിങ്ങോം വയക്കര, പയ്യന്നൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ ചില പ്രദേശങ്ങളിൽ നിന്നും കുട്ടികൾ പഠനത്തിനായി എത്തിച്ചേരുന്നു. മലമ്പ്രദേശമായതിനാൽ ഏറെ യാത്രാദുരിതം കുട്ടികൾ അനുഭവിക്കുന്നു.

വിദ്യാലയത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കാൻ പി ടി എ , എസ് എം സി , എസ് എസ് ജി തുടങ്ങിയ കമ്മറ്റികൾ പ്രവർത്തിച്ചു വരുന്നു. വിവിധ ഏജൻസികളിൽ നിന്നും വികസനത്തിനാവശ്യമായ ഫണ്ട് കണ്ടെത്താൻ ഈ കമ്മറ്റികൾ ശ്രമിച്ചു വരുന്നു.

പാഠ്യ പഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച നിലവാരം പുലർത്താൻ നമ്മുടെ വിദ്യാലയത്തിന് സാധിക്കുന്നു. എസ് എസ് എൽ സി , പ്ലസ്ടു പൊതു പരീക്ഷകളിൽ *100%* വിജയം നേടിയെടുക്കാൻ സാധിക്കുന്നു. കായിക മേളയിൽ മികച്ച പങ്കാളിത്തം ഉണ്ടാക്കാനും യുവജനോത്സവ വിദ്യാരംഗ മത്സരങ്ങളിൽ സംസ്ഥാനതലം വരെ കുട്ടികളെ പങ്കെടുപ്പിക്കാനും സാധിക്കുന്നു എന്നത് എടുത്തു പറയേണ്ടതാണ്. ശാസ്ത്ര ഗണിതശാസ്ത്ര പ്രവൃത്തി പരിചയ മേളകളിലും സംസ്ഥാനതല പങ്കാളിത്തം ഉണ്ടാകാറുണ്ട്. ഇപ്രാവശ്യം ഗണിത ശാസ്ത്ര മേളയിൽ ഇമയ് പാർവണിന് എ ഗ്രേഡ് ലഭിച്ചു. സബ്ജില്ലാതല ഇന്നൊവേറ്റീവ് സ്കൂളിനുള്ള പുരസ്കാരം നമ്മുടെ സ്കൂളിന് ലഭിച്ചു.

ക്ലബ് പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ മികവാർന്ന രൂപത്തിൽ നടക്കുന്നു. എച്ച് എച്ച് എസ് തലത്തിൽ എൻ എസ് എസ്

പ്രവർത്തനം മാതൃകാപരമായി നടക്കുന്ന ഇക്കോ ക്ലബ്, സൗഹൃദ ക്ലബ് തുടങ്ങിയവയും മികവാർന്ന പ്രവർത്തനം നടത്തുന്നു. SPC, JRC, സ്കൗട്ട് സയൻസ് ക്ലബ് , സാമൂഹ്യ ശാസ്ത്ര ക്ലബ്, ഗണിത ശാസ്ത്ര , ഐ ടി ക്ലബ് , ലിറ്റൽ കൈറ്റ്സ്,ടീൻസ്ക്ലബ്, ലഹരി വിരുദ്ധ ക്ലബ് തുടങ്ങിയവയും നല്ല രീതിയിൽ വിദ്യാലയത്തിൽ നടക്കുന്നു.ഈ വർഷം ആറ് പേർക്ക് രാജ്യ പുരസ്കാർ ലഭിച്ചു. സർക്കാർ നിർദേശിക്കുന്ന എല്ലാ പ്രവർത്തനങ്ങളും ചിട്ടയായി നടക്കാൻ സ്കൂളിന് സാധിക്കാറുണ്ട് .









കവിത

## ബാല്യമേ നിന്നിലർപ്പിക്കുന്നുഞാൻ!

ഏറെയായ് വറ്റിയൊരാപ്പുഴ-

യെന്നെ മാടിവിളിക്കാൻ തുടങ്ങിയിട്ട്...

മടിച്ചുമടങ്ങുമ്പോൾ, പിന്നെയും
വിളിക്കുവാൻ മാത്രം നീയെന്നെ

ഓർമിച്ചിരുന്നുവോ?

ഒടുവിൽ തീർച്ചപ്പെടുത്തി മടങ്ങുന്നില്ലെനീ-
മനസ്സിൽ നീ കേറിയിട്ട വാക്കുകളത്രയും

തിക്ഷ്ണമായിരുന്നു.

സ്വയം ചിതയൊരുക്കി,ഞാൻ കാത്തിരുന്ന

എന്റെയോർമ്മകളാണിവ,ഇന്നു-

നിന്നിലലിഞ്ഞു തീർന്നവ !

ഇനിയൊരു തിരിച്ചു പൊക്കില്ലെന്നറി-

യുമ്പോഴും പിന്നെയും നീ-

വിളിക്കുന്നതെന്തിന്?

കരഞ്ഞു തീർത്തവ,ചിരിച്ച മറന്നവ,

പുഞ്ചിരിത്താളിലെരിഞ്ഞമർന്നവ,
ഓർക്കുവാൻ കഴിയാത്ത മേൽ

മുറിവേറ്റവ യോർക്കുവാനെന്തിനു-

വിളിക്കുന്നു നീ... ?

നാലുചുവരിനലൊതുങ്ങിയ സ്നേഹ-

വിദ്വേഷവും,ഇണക്കവും പിണക്കവും...

നിന്നിലൊട്ടുവിലിതാ അർപ്പിക്കുന്നു ഞാൻ !
ബാല്യമാം നിന്നിലൂളിയിടുമ്പോഴെൻ

ചിന്തകൾ നീ ശിഥിലമാക്കിടണം..

എന്റെയോർമ്മകൾക്കഴകറ്റു പോകണം..
ഒടുവിലെന്നെയും നിന്റെയാഴങ്ങളിൽ
ഫ്രയിം ചെയ്തരോർമയായി


അപയുവാനനുവദിക്കണം !

Hridya k

## കഥകൾ

# അധ്വാനത്തിന്റെ മഹിമ

ഒരു ദിവസം ഒരു മരംവെട്ടുകാരൻ ഒരു മരത്തിനടുത്തെത്തി. "ഈ മരം വിറ്റാൽ എനിക്ക് ഒരുവർഷം അന്നമുണ്ണാനുള്ളതുണ്ട്." അങ്ങനെ അയാൾ ആ മരം വെട്ടാനുള്ള പരിശ്രമം തുടങ്ങി. പക്ഷെ അയാൾക്ക് മനസ്സിലായി ആ വലിയ മരം മുറിക്കാൻ കഠിനമായ പരിശ്രമം വേണമെന്ന്. അതിനാൽ അയാൾ അടുത്ത ദിവസം വന്നു. അയാൾ ആ മരത്തിനരികിൽ വന്നു മിഷിൻ പ്രവർത്തിപ്പിച്ച് മുറിക്കാൻ തുടങ്ങി എന്നിട്ടും മരം വീഴുന്നില്ല. അദ്ദേഹം അടുത്ത ദിനം വന്നു ഇത് കുറച്ചുകാലം തുടർന്നു. ഒരു ദിവസം അയാൾ വന്നു ഒറ്റ ഒരു വെട്ട് വെട്ടി മരം താഴെ വീണു. അയാളെ കുറെ കാലമായി നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന കുറച്ച് ആൾക്കാർ പറഞ്ഞു. "എടോ! മണ്ടാ...... താൻ ഈ വെട്ട് കാലങ്ങൾക്ക് മുൻപ് വെട്ടിയിരുന്നെങ്കിൽ ഈ മരം ഒറ്റ ദിവസത്തിൽ വെട്ടിക്കൂടേ...? അപ്പോൾ വെട്ടുകാരൻ പറഞ്ഞു. എന്റെ അധ്വാനത്തിന്റെ ഫലം ആണ് ഇത്. ഒറ്റയടിക്ക്



ഈ മരം വെട്ടിയിരുന്നെങ്കിൽ എന്റെ അധ്വാനമഹിമ തിരിച്ചറിയാൻ

പറ്റില്ലായിരുന്നു.'***ക്ഷമയാണ് ഏറ്റവും നല്ല മരുന്ന്***"

***കൃഷ്ണവൃന്ദ. എസ്***

## അമ്മുവിന്റെ അബദ്ധം

ഒരിടത്ത് ഒരു ഗ്രാമത്തിൽ അമ്മു എന്ന് പേരുള്ള ഒരു കുട്ടിയുണ്ടായിരുന്നു. അവൾക്ക് അവളുടെ അമ്മയുടെ സ്വഭാവം ഒട്ടും ഇഷ്ടമില്ലായിരുന്നു. കാരണം എന്തെന്നോ. അവളോട് അമ്മ പഠിക്കേണ്ട കാര്യം മാത്രമേ പറയാറുള്ളൂ. അവളെ പുറത്തിറങ്ങാൻ വിടുകയേ ഇല്ല. അങ്ങനെ ഒരു നാൾ അമ്മയും അച്ഛനും ഓഫീസ് കാര്യവുമായി ബന്ധപ്പെട്ട ഒരു മീറ്റിംഗിന് പോയ തക്കം നോക്കി അമ്മു വീട്ടിൽനിന്ന് പുറത്തിറങ്ങി. വൈകുന്നേര സമയമായതിനാൽ അവൾ കാറ്റുംകൊണ്ട് നടക്കാൻ തുടങ്ങി. നടന്ന് നടന്ന് അവൾ എവിടെയോ എത്തി. അവശതയായ അവൾ തലപൊക്കി നോക്കി. ഞാൻ



എവിടെയാണ്. പെട്ടെന്നാണ് അവൾ ഒരു കാഴ്ചകണ്ടത്. അതാ ഏഴുനിറംകൊണ്ട് ആകാശത്ത് ചിരിതൂകിനിൽക്കുന്ന ഒരു മഴവില്ല്. അത് നോക്കി നിന്ന് അവൾ നേരം പോയത് അറിഞ്ഞേയില്ല.

എല്ലായിടത്തും ഇരുട്ട് പരന്നു.



അവൾക്കാകെ വിശന്നു. എങ്ങോട്ടേക്കാണ് പോകേണ്ടതെന്നറിയാതെ അവൾ ഒരു

മരത്തിൻ ചുവട്ടിലിരുന്നു. അപ്പോഴാണ് അങ്ങ് ദൂരെ ഒരു മാമ്പഴം കണ്ടത്. അത് പറിച്ച് തിന്നാൻ പോയതും അവൾ ഒരു ശബ്ദം കേട്ടു. നീ ഈ ഫലം ഭക്ഷിക്കരുത്. അഥവാ ഭക്ഷിച്ചാൽ, ഇത്രയും പറഞ്ഞ് അത് മാഞ്ഞുപോയി. അവൾ അത് ധിക്കരിച്ച് കഴിച്ചു. അവളുടെ മാതാപിതാക്കൾ അവളെ കാണാതെ വിഷമിച്ച് നിൽക്കുകയാണ്. തങ്ങളുടെ മകളുടെ ശബ്ദം കേട്ട പോലെ തോന്നിയ അവർ അത് തോന്നിയതാണ് എന്ന് കരുതി. പക്ഷെ അവൾ അപ്രത്യക്ഷയായിരുന്നു. അവളുടെ മാതാപിതാക്കൾക്ക് ഇപ്പോഴും അറിയില്ല അവൾ എവിടെയാണ് എന്നും എങ്ങനെയാണ് എന്നും.


**ലയന കെ.വി**

# A TRIP

A tiny little holiday our family was going to a short trip to Goa. Me, my sister, my brother, my father and my mother. This trip was helding on the birth day of my little brother Hazif. He will become 12 years today. He requested our parents to celebrate his birth day with joy. So we decided to celebrate his birth day on the hot beach in Goa. Talking about this beach it is the one of the best beach present in the world we can see many foreigners, goa people and Indian people too. It has skydiving, scuba diving and many more fun activities like skating too. Our trip began on 12$^{th}$ Monday morning at 5'o clock his birthday is on 14$^{th}$ December that is Thursday as now we have headed to our first destination that is the palace of Akbar which is situated on Delhi it was joy at that place and it had a fun room with more than 20 mirrors. That was known as the room of illustrates. In that room a sound will be produced so as it will spread all over the room twice the speed of normal sound. The sound was like a steel spoon hitting a chalk board hardly and crawling in it that sound with that mirrors will surely let you got goose bumps. Me and my brother enjoyed it a lot my sister was scared so she hadn't entered the room. That palace was painted in white colour. We had to only pay 20 rupees per head to enter there it was a lot of fun then we went to an ice cream parlour and I had strawberry ice cream, my brother had butterscotch, but

my sister didn't ate anything and was telling to mother that she had severe headache but we didn't care about anything. Our next destination is goa beach about 240 km. Our transport facility is train. Our father had already taken our tickets online. It is the fastest but cheapest way of transportation facility to our next location. Next we had our breakfast dosa and idly with sambar we brought from our home. It was top class at that moment my sister didn't ate that also I think she is slightly avoiding us we knew what is the reason her birthday is on today we hadn't done anything she doesn't know what is planned a huge surprise is waiting for her. Then we reached harpa sagar a well-known place for their chicken manti we ordered a full manthi and ate with a joy but our sister didn't ate that too that moment I thought that it is coming closer next evening 6:30 we have reached goa and today is his birth day and today is her by reaching beach he was very happy and she also feel happy. There they played a lot there. It was night we all had went to buy her birthday cake my brother and sister was playing at beach I suddenly saw that my sister was got hitten by a car everyone cried and our brother asked us where is she I replied she went home with tears lefting there he taught that it was real and told smiling that why she went there? We all have left to our home then we said to our brother what happened our full family was crying from that day our family hasn't laughed for 5 years. This is like a steel nailed to us we can't forgot her our brother is now studying in plus 2. He was not studying as much as she did before the death of the sister that day we

were cleaning our room find out that a book written by my sister saying that a book written by my sister that I went home she was planning a surprise to us by acting like unhappy. We felt in tears.........



## പ്രകൃതി സൗന്ദര്യം

പ്രകൃതി എന്നു കേൾക്കുമ്പോൾ നമ്മൾ പൊതുവേ ഒന്ന് നമ്മുടെ ചുറ്റുപാടുകളെ കുറിച്ച് ഓർക്കും. അതല്ലാതെ പ്രകൃതി എന്താണെന്ന് നമ്മൾ കണ്ടിട്ടില്ല. അതിന്റെ ഹൃദയത്തെ തൊട്ടറിഞ്ഞിട്ടില്ല.പ്രകൃതി എന്നു പറഞ്ഞാൽ അതിൽ വികാരങ്ങളുണ്ട് ,സന്തോഷങ്ങളുണ്ട് ദു:ഖങ്ങളുണ്ട്. ഇവയെല്ലാം ഇണങ്ങി ചേർന്നതാണ് പ്രകൃതി എന്നു പറയുന്നതിന്റെ ചെറിയ ചിത്രം. ഈ ചിത്രത്തിൽ പല പല മുഖങ്ങൾ നാം കാണുന്നുണ്ട്. പ്രകൃതിയുടെ സന്തോഷം,സങ്കടം,സ്നേഹം,ലാളന,സൗഹൃദം അങ്ങനെ ഒരുപാടൊരുപാട്. നമ്മൾ ഒരു തൈ പ്രകൃതിയുടെ മടിത്തട്ടിൽ സമർപ്പിച്ചാൽ അത് നമ്മൾക്ക് തരുന്ന സ്നേഹമാണ് ഓരോ ഫലങ്ങളും. അത് പോലെ തന്നെയാ ണ് പ്രകൃതി നമ്മളോട് കോപിക്കുന്നതും.ഈ കോപങ്ങൾ നമുക്ക് പല പ്രത്യാഘാതങ്ങളായി മാറുന്നുണ്ട്. അതാണ്  പറഞ്ഞത് പ്രകൃതിയെന്ന ഈ ചിത്രത്തിൽ നമ്മൾക്ക് മിന്നിമിന്നി മായുന്ന പലപല ഭാഗ്യങ്ങളും നിർഭാഗ്യങ്ങളും ഉണ്ട്. ഈ ഭാഗ്യങ്ങളും നിർഭാഗ്യങ്ങളും തീരുമാനിക്കുന്നത് നമ്മൾ മനുഷ്യരാണ്. പ്രകൃതിയിലെ ജീവജാലങ്ങളിലും സസ്യസമൂഹങ്ങളിലും പ്രകടമാവുന്ന ലാളിത്യവും സഹവർത്തിത്വവും മനസ്സിലാക്കാതെ ജീവിക്കുന്നതാണ് മനുഷ്യൻ ചെയ്യുന്ന ഏറ്റവും വലിയ ദ്രോഹം.

# ഉറുമ്പും പുൽച്ചാടിയും



ഒരു വേനൽക്കാലത് മടിയനായ ഒരു പുൽച്ചാടി എന്നത്തേയും പോലെ വെറുതെ ഇരുന്ന് വെയിൽ കൊള്ളുകയായിരുന്നു. അപ്പോൾ കഠിനാദ്ധ്യാനിയായ ഒരു ഉറുമ്പ് ആ വഴി പോകുന്നുണ്ടായിരുന്നു.വളരെ കഷ്ടപ്പെട്ട് ഒരു ധാന്യമണി തന്റെ കൂട്ടിലേക്ക് ചുമന്നുകൊണ്ട് പോവുകയായിരുന്നു. ഇത് കണ്ട പുൽച്ചാടി ചോദിച്ചു ദിവസവും ഇങ്ങനെ പണി എടുക്കാതെ എന്നോടൊപ്പം ഇരുന്ന് കുശലം പറഞ്ഞുകൂടേ? അപ്പോൾ ഉറുമ്പ് പറഞ്ഞു ഞാൻ മഞ്ഞുകാലത്തേക്കുള്ള ആഹാരം ശേഖരിക്കുകയാണ്. നിങ്ങളും അങ്ങനെ ചെയ്താൽ നിങ്ങൾ




മഞ്ഞുകാലത് കഷ്ടപ്പെടേണ്ടി വരില്ല. പുൽച്ചാടി ചിരിച്ചുകൊണ്ട് പറഞ്ഞു നിങ്ങൾ ഇപ്പോഴും ദൃതിയിലാണ് നിങ്ങൾ ഇപ്പോഴും എന്തിനാണ് ഇങ്ങനെ കഷ്ടപ്പെടുന്നത് ? മഞ്ഞുകാലത് നമ്മുക്ക് ധാരാളം ഭക്ഷണം ലഭിക്കുമല്ലോ ? എപ്പോൾ തന്നെ ധാരാളം ഭക്ഷണം ഉണ്ടല്ലോ ? പക്ഷെ ഉറുമ്പ് ബുദ്ധിയുള്ളവനായിരുന്നു അവൻ പുൽച്ചാടി പറഞ്ഞത് ഒന്നും കേൾക്കാതെ വീണ്ടും പണി തുടർന്ന്. തണുപ്പ്കാലത്തേക്ക് ആവശ്യമായ ഭക്ഷണം ശേഖരിച്ചു വച്ച്.അങ്ങനെ തണുപ്പ് കാലംവന്നെത്തി.പുൽച്ചാടി ഒന്നും ശേകരിക്കാതിരുന്നതിനാൽ അവനു താമസിക്കാൻ നല്ലൊരു ഇടാമോ ഭക്ഷണമോ ഉണ്ടായില്ല. പുൽച്ചാടി ഉറുമ്പിന്റെ വീട്ടിൽ ചെന്ന് ആഹാരവും താമസിക്കാൻ ഉള്ള ഇടവും ചോദിച്ചു.അപ്പോളുറമ്ബ് പറഞ്ഞു ക്ഷമിക്കണം എനിക്ക് നിന്നെ സഹായിക്കാൻ കഴിയില്ല.എന്റെ കുടുംബത്തിനുള്ള ഭക്ഷണവും മറ്റുമേ ഇവിടെ ഉള്ളു,അതുകൊണ്ട് നിങ്ങൾ മറ്റാരോടെങ്കിലും സഹായം ചോദിക്കു. പുൽച്ചാടി നിരാശയോടെ മനസ്സിൽ പറഞ്ഞു ഞാൻ അന്ന് ഉറുമ്പ് പറഞ്ഞത് പോലെ ചെയ്യണമായിരുന്നു.

"സമ്പത്ത് കാലത്തു തൈ പത്ത് വെച്ചാൽ ആപത് കാലത് കാപത്ത് തിന്നാം "

-അനുഷ്ക്ക

## മരം ഒരു വരം



വഴിയരികിൽ ഒരു മരം. പൂക്കളാലും പഴങ്ങളാലും സമ്പന്നമായതാണത്. അവിടയുള്ള കുട്ടികൾ ആ മരത്തിന്റ പഴങ്ങൾ പറിക്കുക്കയും പൂക്കൾ പറിക്കുകയും മരത്തിന്റെ കീഴിൽനിന്ന് കളിക്കുകയും ചെയ്യുമായിരുന്നു. എപ്പോഴും പക്ഷികൾ ഈ മരത്തിൽ ചേക്കേറുമായിരുന്നു.അവിടെയുള്ള മറ്റു മരങ്ങൾക്ക് ഈ മരത്തോട് അസൂയയായിരുന്നു.മറ്റു മരങ്ങൾ ഈ മരത്തോട് കൂട്ടുകൂടാറില്ല. എന്നാൽ ഈ മരത്തിന് മാറ്റു മരങ്ങളോട് കൂട്ടുകൂടണമെന്ന് ആദിയായ ആഗ്രഹം ഉണ്ട്. ആ സ്ഥലത്തിന്റെ ഉടമസ്ഥൻ ഓരോ ആഴ്ച്ചയും വന്ന പഴങ്ങൾ പാറിച്ച വിൽക്കാൻ കൊണ്ടുപോരാറുണ്ട്.

ഒരു ദിവസം സ്ഥലത്തിന്റെ ഉടമസ്ഥൻ ഇങ്ങനെ പറഞ്ഞു "ഹോ!! ആ സ്ഥലത്തുള്ള പോകാത്ത മരങ്ക്ക് കൊണ്ട് ഒരു പ്രയോജനവും ഇല്ല. അതുകൊണ്ട് അതൊക്കെ മുറിച് കളഞ്ഞേക്കാം. എന്നിട് ആ സ്ഥലത്തിൽ മാവുകൾ വച്ച പിടിപ്പിക്കാം. അത് വളർന്ന കഴിയുമ്പോൾ അതിലുള്ള പഴകളൊക്കെ വിറ്റ് പണമുണ്ടാക്കാം." ഇങ്ങനെ പറഞ്ഞുകൊണ്ട്

ഉടമസ്ഥൻ വീട്ടിലേക്ക് പോയി. ആൻ രാത്രി മറ്റുള്ള മരങ്ങൾ ഒക്കെ ഇങ്ങനെ പറഞ്ഞു. "ഹോ!! എന്ത് നല്ലവനാണവൻ. അവനിൽ നിറയെ പഴങ്ങളും പൂക്കളും ഉണ്ട്. അവൻ നമ്മളോട് കൂട്ടുകൂടാൻ ആണ് ശ്രമിച്ചത്.പക്ഷെ നമ്മൾ അവനോട് കൂട്ടുകൂടിയില്ല. നമ്മൾ അവനോട് ചെയ്തത് തെറ്റുതന്നെയാണ്. ഇതിനുള്ള ശിക്ഷയാണ് ഭൂമിദേവി നമ്മുക്ക് തന്നത്." പിറ്റേന് രാവിലേ മരംവെട്ടുകാരനെയും കൂട്ടി ഉടമസ്ഥൻ സ്ഥലത്തേക്ക് വന്നു. അപ്പോഴൊക്കെ മറ്റുള്ള മരങ്ങൾ പേടിച്ച വിറയ്ക്കുകയായിരുന്നു. അപ്പോൾ നല്ല മരം ഉടമസ്ഥനോട് അപേക്ഷിച്ച. "ദയവ്വ ചെയ്ത് നിങ്ങൾ ആ മരന്ഗകെ മുറിച്ച കളയരുത് പഴങ്ങൾ ഒന്നും അൽകുന്നിലെങ്കിലും നിങ്ങൾക്ക് ആവശ്യമായ മഴയും പ്രാണവായുവും നൽകുന്നില്ല. മരങ്ങൾ നൽകുന്ന ഉപകാരങ്ങൾ ചെറുതൊന്നും അല്ല." ഇത് കേട്ട് മനസ്സലിഞ്ഞ ഉടമസ്ഥൻ മരംവെട്ടുകാരനെയും കൊണ്ട് മടങ്ങി. ഇത് കേട്ട് സന്തോഷവാന്മാരായ മാറ്റ് മരങ്ങൾ നല്ലവനായ മരത്തോട് നന്ദി പറഞ്ഞു. പിന്നെ ഇവർ ജീവിതകാലം മുഴുവൻ വളരെ നല്ല കൂട്ടുകാരായി ജീവിച്ച.

- ദേവാനന്ദ് കെ വി

# എന്റെ ജില്ല കണ്ണൂർ

കേരളത്തിന്റെ വടക്കേ അറ്റത്തു നിന്നും രണ്ടാമതായി സ്ഥിതിചെയ്യുന്ന ജില്ല കണ്ണൂരാണ്. കണ്ണൂർ നഗരമാണ് ഇതിന്റെ ആസ്ഥാനം. വലിപ്പത്തിൽ അഞ്ചാം സ്ഥാനം. കേരളത്തിലെനാലാമത്തെ വിമാനത്താവളം കണ്ണൂരാണ്. കണ്ണന്നൂർ, കേനന്നൂർ എന്നീ പേരുകളിൽ അറിയപ്പെടുന്നു. തറികളുടെയും തിറകളുടെയും നാട്




എന്നും കേരളത്തിന്റെ കിരീടം എന്നും അറിയപ്പെടുന്നു. കൂടാതെ ടോളമിയുടെ കൃതിയിൽ നൗറ എന്നും പ്രതിപാതിക്കുന്നു. ഭൂരഹിതരില്ലാത്ത ഇന്ത്യയിലെ ആദ്യ ജില്ല, കേരളത്തിലെ ആദ്യത്തെ ജയിൽ മ്യൂസിയം, ഇന്ത്യയിലെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ ജില്ല, ഏറ്റവും കൂടുതൽ കശുവണ്ടി ഉതിപാദിപ്പിക്കുന്ന ജില്ല, സ്ത്രീ പുരുഷ അനുപാതം കൂടിയ ജില്ല, ഏറ്റവും കൂടുതൽ കടൽത്തീരമുള്ള ജില്ല, കൂടുതൽ കണ്ടൽക്കാടുകൾ ഉള്ള ജില്ല, തീര പ്രദേശത്ത് പർവ്വതം ഉള്ള ജില്ല, കേരളത്തിലെ ഏക കണ്ടോൺമെന്റ് ഉള്ള ജില്ല, കേരളത്തിലെ ഏറ്റവും കൂടുതൽ ബീഡി വ്യവസായമുള്ള ജില്ല, കൈത്തറിയുടെ ബീഡിയുടെ ചെങ്കല്ലിന്റെയുംഎല്ലാം നാട് കൂടിയാണ് കണ്ണൂർ. പ്രധാന തൊഴിൽ മേഖല കൃഷിയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ മുഖ്യമന്ത്രിമാർക്ക് ജന്മം നൽകിയ നാടും കൂടിയാണ് കണ്ണൂർ. ഈ ജില്ലയുടെ വിസ്തീർണ്ണം 2996 ചതുരശ്രകിലോമീറ്ററാണ്. കണ്ണൂർ എന്ന പേരിനു പിന്നിലെ രഹസ്യം കണ്ണന്റെ ഊരാണ് കണ്ണൂർ എന്നതാണ്. വടക്ക് കാസർഗോഡ് ജില്ല, കിഴക്ക് കുടക് ജില്ല, തെക്ക് പുതുച്ചേരി

പ്രദേശത്തിന്റെ ഭാഗമായ മയ്യഴി ജില്ല, വയനാട്, കോഴിക്കോട് എന്നീ ജില്ലകൾ, പടിഞ്ഞാറ് അറബിക്കടൽ എന്നിവയാണ് അതിർത്തികൾ. ആരോഗ്യ രംഗത്ത് സഹകരണ മേഖലയിലും സ്വകാര്യ മേഖലകളിലും നിരവധി ആശുപത്രികളുണ്ട്. പരിയാരം മെഡിക്കൽ കോളേജ്, കണ്ണൂർ ജില്ലാ ആശുപത്രി, ഗവ ആയുർവേദ മെഡിക്കൽ കോളേജ് തുടങ്ങിയവ ചില പ്രധാന ആശുപത്രികളാണ്. 77 കി.മി ദേശീയപാതയും 245 കി.മി സംസ്ഥാന പാതയും 1453 കി.മി ജില്ല റോഡുകളും കണ്ണൂർ ജില്ലയിലൂടെ കടന്നു പോകുന്നുണ്ട്. 13 തീവണ്ടി നിലയങ്ങൾ കണ്ണൂർ ജില്ലയിലുണ്ട്. കണ്ണൂർ ജില്ലയിൽ 1 വ്യോമ ഗതാഗതവുമുണ്ട്. 1957 ജനുവരി ഒന്നിനാണ് കണ്ണൂർ ജില്ല രൂപം കൊള്ളുന്നത്. കണ്ണൂരിന് ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട സ്ഥാനമുണ്ട്. മൂഷിക രാജവംശത്തിന്റെ പിന്മുറക്കാരായ കോലത്തിരി രാജവംശത്തിന്റെയും കേരളത്തിലെ ഏക മുസ്ലീം രാജാവംശമായ അറയ്ക്കൽ  സ്വരൂപത്തിന്റെയും കോട്ടയം രാജവംശത്തിന്റെയും ഭരണത്തിന്റെ കീഴിലുള്ള പ്രദേശങ്ങളാണ് കണ്ണൂർ ജില്ലയിലുള്ളത്. ഡച്ച്, പോർച്ചുഗീസ്, ഇംഗ്ലീഷ്, ഫ്രഞ്ച് ഭരണാധികാരികളും ജില്ലയുടെ വിവിധ മേഖലകളിൽ ഭരണം കയ്യാളിയിട്ടുണ്ട്. ഈ ജില്ലയിലെ ചെറുകുന്ന്, മാതമംഗലം, പെരിങ്ങോം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കുടക്കല്ല്, തൊപ്പിക്കല്ല്, നന്നങ്ങാടികൾ, മുനിയറകൾ, ഇരുമ്പുകുന്തങ്ങൾ, ആയുധങ്ങൾ തുടങ്ങിയ ചരിത്രശേഷിപ്പുകൾ ലഭിച്ചിട്ടുണ്ട്. കോഴിക്കോട്, കപ്പലിറങ്ങിയ വാസ്കോഡഗാമ കണ്ണൂരിലേക്കാണ് സുഗന്ധവ്യഞ്ജനങ്ങൾ ശേഖരിക്കാൻ വന്നത്. അതിനു തെളിവായി അവർ  1505 നിർമ്മിച്ച കോട്ടയാണ് സെന്റ് ആഞ്ചലോ കോട്ട. കണ്ണൂർ ജില്ലയിൽ 5 താലൂക്കുകളുണ്ട്. അവ തളിപ്പറമ്പ്, കണ്ണൂർ, തലശ്ശേരി, ഇരിട്ടി, പയ്യന്നൂർ ഇവയാണ്. ബ്ലോക്ക് പഞ്ചായത്തുകൾ 11 എണ്ണം. ഗ്രാമപഞ്ചായത്തുകൾ 71 എണ്ണം. മയ്യഴി പുഴ, വളപട്ടണം പുഴ, അഞ്ചരക്കണ്ടി പുഴ, കുപ്പം പുഴ, പെരുമ്പ പുഴ, രാമപുരം പുഴ, കാര്യങ്കോട് പുഴ, കവ്വായി പുഴ, തലശ്ശേരി പുഴ ഇവയാണ് ഈ ജില്ലയിലൂടെ ഒഴുകുന്ന പ്രധാന നദികൾ. വലിയ നദി വളപട്ടണം പുഴയും കടലിൽ പതിക്കുന്ന കേരളത്തിലെ ചെറിയ പുഴയായ രാമപുരം പുഴയും ഈ ജില്ലയിലാണ്. വിനോദ സഞ്ചാരകേന്ദ്രങ്ങൾ പൈതൽമല,

മുഴപ്പിലങ്ങാടി ബീച്ച്, കണ്ണൂർ കോട്ട, പയ്യാമ്പലം ബീച്ച്, മാപ്പിള ബേ, ധർമ്മടം ദ്വീപ്, പഴശ്ശി ഡാം, മാടായിപ്പാറ, പറശ്ശിനി പാമ്പുവളർത്തുകേന്ദ്രം, അറയ്ക്കൽ മ്യൂസിയം, തലശ്ശേരി കോട്ട ഏഴര ബീച്ചുകൾ തുടങ്ങിയവയാണ്. പേരമ്പാടി ചുരം, പെരിയ ചുരം ഇവ പ്രധാന ചുരങ്ങൾ. കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ, കേരള ഫോക്ലോർ അക്കാഡമി, സെൻട്രൽ സ്റ്റേറ്റ് ഫാം, മലയാളകലാഗ്രാമം, മലബാർ കാൻസർ സെന്റർ, കേരള ദിനേശ് ബീഡി കുരുമുളക് ഗവേഷണ കേന്ദ്രം, വിമാനത്താവളം തുടങ്ങിയവ പ്രധാന സ്ഥാപനങ്ങൾ. കണ്ണൂർ ജില്ലയിലെ ഒരു സ്ഥാപനവുംകൂടിയാണ് പയ്യന്നൂർ രണ്ടാം ബർദോളി എന്നാണ് അറിയപ്പെടുന്നത്. കെ. കേളപ്പന്റെ നേതൃത്വത്തിൽ 1930-ൽ ഉപ്പുസത്യാഗ്രഹം നടന്നത് ഈ പ്രദേശത്താണ്. ഇന്ത്യയിൽ 100% പ്രാഥമിക വിദ്യാഭ്യാസം നേടിയ ആദ്യ മുൻസിപ്പാലിറ്റിയും പയ്യന്നൂരാണ്. ഏഷ്യയിലെ ഏറ്റവും വലിയ നാവിക അക്കാദമി ഏഴിമലയിലാണ് സ്ഥിതിചെയ്യുന്നത്. കേരളത്തിന്റെ പാരീസ് എന്ന് വിശേഷിപ്പിക്കുന്നത് തലശ്ശേരിയെയാണ്. കൂടാതെ മൂന്ന് 'C' കളുടെ നഗരമെന്നും അറിയപ്പെടുന്നു [ ക്രിക്കറ്റ്, കേക്ക്, സർക്കസ് ]. ആദ്യമായി അയൽക്കൂട്ടം നടപ്പിലാക്കിയത് കല്യാശ്ശേരിയിൽവെച്ചാണ്. മൂഷക രാജവംശത്തിന്റെ ആസ്ഥാനം ഏഴിമലയിലാണ്. മാഹിയിലൂടെ ഒഴുകുന്ന മയ്യഴി പുഴയെ ഇന്ത്യയിലെ ഇംഗ്ലീഷ് ചാനൽ എന്നാണ് വിശേഷിപ്പിക്കുന്നത്. നിലവിലെ കണ്ണൂർ ജില്ലാ കലക്ടർ എസ്. ചന്ദ്രശേഖരനാണ്, 48ാമത്തെ കലക്ടർ. കണ്ണൂർ ജില്ലയിലെ പ്രധാന ഹൈന്ദവ വിശ്വാസ ആരാധനാലയങ്ങൾ കൊട്ടിയൂർ, വടക്കേശ്വരം ക്ഷേത്രം, മുത്തപ്പൻ ക്ഷേത്രം, പറശ്ശിനിക്കടവ് അന്നപൂർണേശ്വരി ക്ഷേത്രം, തളിപ്പറമ്പ് ശ്രീ രാജരാജേശ്വര ക്ഷേത്രം, തൃച്ചംബരം ക്ഷേത്രം, പെരളശ്ശേരി ശ്രീ സുബ്രഹ്മണ്യ ക്ഷേത്രം, അരോളി ശ്രീ വടേശ്വരം ശിവക്ഷേത്രം, മാടായിക്കാവ്, കടലായി ശ്രീകൃഷ്ണക്ഷേത്രം, ശ്രീ ജഗന്നാഥ ക്ഷേത്രം, ശ്രീ രാമസ്വാമി ക്ഷേത്രം, ചെറുതാഴം ശ്രീ രാഘവപുരം ക്ഷേത്രം, തുടങ്ങിയവയാണ് ഇസ്ലാമിക് വിശ്വാസ ആരാധനാലയങ്ങൾ. ഓലിയങ്കര ജുമാമസ്ജിദ്, മൂന്നു പെറ്റുമ്മ പള്ളി,

സൈദാർ മസ്ജിദ്, തുടങ്ങിയവയും ക്രൈസ്തവ വിശ്വാസ ആരാധനാലയങ്ങൾ താവം പള്ളി, എടൂർ സെന്റ് മേരീസ് ഫൊറോന പള്ളി, സെന്റ് ജോർജ് പള്ളി, ആരോൺ ചർച്ച് തുടങ്ങിയവയും കണ്ണൂർ യൂണിവേഴ്സിറ്റി ജില്ലയിലെ ഏക സർവ്വകലാശാലയാണ്. ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, ഗവ: എഞ്ചിനീയറിംഗ് കോളേജ്, കൃഷ്ണൻ മേനോൻ സ്മാരക ഗവ: വനിത കോളേജ് തുടങ്ങിയവ ജില്ലയിലെ സർക്കാർ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ. വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, പയ്യന്നൂർ കോളേജ്, നിർമ്മലഗിരി കോളേജ് എന്നിവ എയ്ഡഡ്. ജില്ലയിലെ ആദ്യ കളക്ടർ എൻ ചന്ദ്രഭാനു ആണ്.

---

# വെണ്ണകട്ട കുറുമ്പൻ

പണ്ട് ഒരു ഗ്രാമത്തിൽ സുന്ദരനായ ഒരുഉണ്ണിക്കണ്ണനുണ്ടായിരുന്നു.അവൻ മഹാവികൃതിയാണ്.അവൻ ആരു  പറഞ്ഞാലും ഒന്നും കേൾക്കില്ല.അങ്ങനെ ഒരു ദിവസം ഉണ്ണിക്കണ്ണൻ അമ്മ ഉണ്ടാക്കിവച്ച വെണ്ണ കണ്ടുപിടിച്ചു.അപ്പോഴേക്കും അവന് വായിൽ വെള്ളമൂറിത്തുടങ്ങി.അങ്ങനെ ഉണ്ണിക്കണ്ണന്റെ അമ്മ ഒരു ദിവസം ഉണ്ണിയെ കാണാതെ പുറത്തേക്ക് പോയി.ആ തക്കം നോക്കി ഉണ്ണിക്കണ്ണന്റെ അമ്മ ഉണ്ടാക്കിവച്ച വെണ്ണയെല്ലാം കട്ടെടുത്ത തിന്നു.പിന്നീട് ഉണ്ണിക്കണ്ണൻ വെണ്ണയെല്ലാം തീർത്തിട്ട് ഒരു സ്ഥലത്തു പോയി ഒളിച്ചു.അമ്മ വന്നു

നോക്കുമ്പോഴേക്കും വെണ്ണയും കാണുന്നില്ല

ഉണ്ണിയേയും കാണുന്നില്ല.അമ്മ ഉണ്ണിയെ

എല്ലായിടത്തും പരതി എവിടെയും

കാണുന്നില്ല.അമ്മയ്ക്ക് വളരെ

സങ്കടമായി.അങ്ങനെ ആ ഉണ്ണിക്കണ്ണൻ

അമ്മയുടെ സങ്കടം കണ്ട് മെല്ലെ മെല്ലെ

മരച്ചുവട്ടിൽ നിന്ന് എഴുന്നേറ്റ് വന്നു. അമ്മയുടെ

അടുത്തെത്തി അമ്മ ഓരോ കാര്യങ്ങളും

ഉണ്ണിക്കണ്ണനോട് ചോദിയ്ക്കാൻ

തുടങ്ങി.അപ്പോഴേക്കും ഉണ്ണിക്ക് വളരെ അധികം

പേടിയായി.പിന്നെ അവർ രണ്ടുപേരും


ഒത്തുചേർന്നു ഒരുമിച്ച് താമസിച്ചു.

*diya m*

# വേദനകൾ

*വെടിയൊച്ചകൾ എന്റെ കാതിൽ മുഴങ്ങുമ്പോൾ*
*ഇടനെഞ്ച് പൊട്ടിപ്പൊടിഞ്ഞുപോയീ.*
*ഒന്നുമറിയാത്ത പിഞ്ചുമുഖങ്ങൾ എൻ*
*ഉള്ളിലായങ്ങു നിറഞ്ഞുനിന്നു.*
*പുഞ്ചിരി തൂകുന്ന നേരത്താണെങ്കിലും*
*കുഞ്ഞു നെഞ്ചിൽ തുള വീണിടുന്നു.*
*മണ്ണിൽ വീണു പിടയുന്ന നേരത്തു*
*അമ്മയെന്നുള്ള നിലവിളി കേൾക്കുന്നു.*
*ചുടു ചോര ചീറ്റി ഒഴുകീടും നെഞ്ചിന്റെ*
*വേദനയാർക്കും അറിഞ്ഞിടാനാകുമോ?*
*കുരുന്നുകൾക്ക് നേരെ തോക്കു ചൂണ്ടീടുന്ന*
*ആ കൈകൾ എന്തേ വിറയ്ക്കാത്തത്.*
*ചോരപ്പുഴയിൽ മുങ്ങിക്കുളിക്കാനോ?*
*ചുടു ചോര ഗന്ധം നുകർന്നിടാനോ?*
*കുരുന്നു ജീവനൊരു വിലയും കൊടുക്കാത്ത*
*ഭൂമിയിൽ എന്തിനു നാം പിറന്നു.*
*ജീവനില്ലാത്തൊരീ കുഞ്ഞു ജഡമെല്ലാം*
*ചുടു കണ്ണുനീരാൽ മൂടുമെന്നാരോർക്കും?*
*പെറ്റ വയറിന്റെ വേദന കണ്ടീടാൻ*
*ദുഷ്ടരാം കൂട്ടത്തിനായിടുമോ?*
*തെറ്റുകൾ ചെയ്യാത്ത കുഞ്ഞു പൈതങ്ങളെ*
*ചുട്ടു കരിക്കുന്നതാർക്ക് വേണ്ടീ*
*അമ്മതൻ നെഞ്ചിലെ തീരാത്ത വേദന*
*മാറ്റുവാൻ ആകുമോ ആർക്കെങ്കിലും.*
*കുരുന്നു ജഡമെല്ലാം നെഞ്ചോട് ചേർത്തിട്ട്*
*അലമുറയിട്ടീടും ഉറ്റവരെല്ലാരും*
*കത്തിക്കരിഞ്ഞീടും ഈ ലോകമെമ്പാടുംഈ കണ്ണുനീരിന്റെ*
*താപമേറ്റാൽഈ കണ്ണുനീരിന്റെ താപമേറ്റാൽ.* അനുഗ്രഹ ജയേഷ്

# ഒഴുകാത്ത തീരങ്ങൾ



ഒഴുകും പുഴയുടെ  തീരങ്ങളിൽ
അരുളും പുഴയുടെ താളങ്ങളിൽ
പുഴകളും തോടും കടലുകളും
കുളിർമയോന്തുന്നൊരീ തിരമാലകൾ

ഒഴുകുന്നതെവിടയാണെവിടെയാണ്    വൈഗ കെ.വി

## *PHOTOS*













## എന്റെ കഥ

പണ്ട് ഒരു ഗ്രാമത്തിൽ ഒരു ചെറിയ കുടുംബം ഉണ്ടായിരുന്നു. ആ കുടുംബത്തിൽ അച്ഛനമ്മ രണ്ട പെൺമക്കൾ ആയിരുന്നു.പൊന്നുവും മിന്നുവും.മിന്നുവിന്റെ ചേച്ചിയാണ് പൊന്നു ഇവർ ഇപ്പോഴും വാഴക്കൻ.ഇവര് ഒരു ദിവസം പോലും വഴക്കുകൂടാതെയിരുന്നിട്ടില. ഇത് ആലോചിച്ചിട്ട് അവരുടെ അച്ഛനും അമ്മയ്ക്കും ഇപ്പോഴും വിഷമമാണ്.മിന്നുവിന് കൃഷിയിൽ വളരെ താല്പര്യം ആണ്. ഇവളുടെ ചേച്ചിക്ക് അത്ര താല്പര്യം ഇല്ല.ഫോണും ടി വിയും മാത്രം ആണ് അവളുടെ ഹോബി.ഒരു ദിവസം അവർ വീട്ടും വഴക്കായി അത് റിമോട്ടിന് വേണ്ടിയായിരുന്നു. പിന്നെ അത് ഒരു വലിയവഴക്കിനിടയാക്കി. അപ്പോൾ വരുടെ 'അമ്മ വന്നു പറഞ്ഞു "എന്റെ പൊന്നു മക്കളെ നിങ്ങൾ ഇങ്ങനെ അടിപിടി കൂടല്ലേ എന്നു." അവർ പറഞ്ഞു: "'അമ്മ പോയെ അമ്മ ഇതിൽ ഇടപെടേണ്ട." അവർ അങ്ങനെ പറഞ്ഞപ്പോൾ അമ്മയ്ക്ക് വിഷമമായി. അവർ വീണ്ടും അടി കൂടിക്കൊണ്ടിരുന്നു. അന്ന് രാത്രി വീണ്ടുമവർ പുതപ്പിനു വേണ്ടി അടികൂടി. ഇവർ രണ്ടുപേർക്കും കൂടി ഒരു പുതപ്പാണ് ഉള്ളത്. ആകെ രണ്ടു പുതപ്പെ വീട്ടിൽ ഉള്ളൂ. ഒന്ന് ചെറുതും മറ്റൊന്ന് വലുതും. ഇവരുടെ ഒച്ചകേട്ട് 'അമ്മ ഓടി വന്നു. "നിർത്ത് പിള്ളേരെ ഇത് രാത്രി ആൻ എന്ന വിചാരം പോലും ഇല്ല." മിന്നു പറഞ്ഞു;" അമ്മെ ഈചെച്ചി എനിക്ക് പുതപ്പ് തരുന്നില്ല " അപ്പോൾ അവിടേയ്ക്ക് അച്ഛൻ വന്നു.അച്ഛൻ വരുന്നത് കണ്ടപ്പോൾ അടികൂടുന്നത് നിർത്തി കിടന്നുറങ്ങി. ഇവർക്ക് അച്ഛനെ ഭയങ്കര പേടി ആണ്. അങ്ങനെ



ഒരു ദിവസം അവർ രണ്ടുപേരും കൂടി വീട്ടും അടി ആയി.അത് ഒരു വലിയ അടി ആയിരുന്നു. എന്നിട് 'അമ്മ ഇവരുടെ അടുത്തേക്ക് കൈയിൽ ഒരു വടിയുമായി പോയി തല്ലും എന്ന മനസിലായതോടെ അവർ രണ്ടുപേരും ഓടി രക്ഷപെട്ടു.പ്പോൾ അവരോട് 'അമ്മ പറഞ്ഞു "നിങ്ങൾ എന്തിനാ മക്കളെ എല്ലാ ദിവസവും വഴക്കിടുന്നത് നിങ്ങൾക്ക് സമാധാനമായി ഇരുന്നൂടെ. പരസ്പരം സ്നേഹത്തോടെ നിങ്ങൾക്ക് നിന്നൂടെ ഹോ...എന്റെ തലവിധി എന്ന 'അമ്മ പറഞ്ഞു.അപ്പോൾ അവർ രണ്ടുപേർക്കും അവരുടെ തെറ്റ് മനസിലായി അവർ

തലതാഴ്ത്തി നിന്നു. എന്നിട് അവർ രണ്ടുപേരും കൈപിടിച്ച് അമ്മയുടെ അടുതെക്ക് പോയി പറഞ്ഞു അമ്മെ ഞങ്ങളോട് ക്ഷമിക്കണം ഞങ്ങൾ സ്നേഹത്തോടെയും വഴക്കിടാതെയും കഴിഞ്ഞോളം. അപ്പോൾ അമ്മെയ്ക്ക് സന്തോഷമായി.അവർ രണ്ടുപേരുംകൈകോർത്ത് സന്തോഷത്തോടെ അകത്തേക്ക് പോയി.


-അക്ഷയ കെ

## *A Long Trip*

*On a beautiful morning a girl wake up from her sleep. She is a beautiful , Kind girl she wake up and get ready to go to school. she loves to go to school . She is very happy at school because she have no one at her house because her father and mother go to their office. So the girl loves to go to School like regularly. After she came from school at night she told her mother and father that she is very sad because her parents doesn't pay attention to her. So her parents told that we are going to go for a trip next morning. After hearing this she became very very happy and the next morning they go for the trip. The trip was to Kashmir. They went to Kashmir and there was so cold. She loves Kashmir very much. She became very excited and her parents were happy to see their daughter happy and they go to so many places and explore Kashmir. While exploring Kashmir she met a cute dog there. The dog was on the street. The dog was very tired, so she gave her food to the dog and the dog ate it. she plays with dog so many times but her parents doesn't like when she plays with a street dog so her parents tried to take away the dog from her, but the dog was not going*

*and keep following her. She also felt sad for them. she want to take that dog to her house but Parents didn't allowed to take that dog to their house. She loves that dog so much even they didn't stay together so much time. It is the last day in Kashmir. But she is very sad because the dog will be alone like the past. she feel very pity to the dog and also she loved Kashmir by the climate and also people live in Kashmir. she is very sad beca*

## *DRAWINGS.....*









## HOME IS THE MOST COMFORT ZONE EVER

*Leaves were trembling in the extreme cold winter season. Chirping of birds flowed like a tuned music. Children had already started their outdoor games. Suddenly a football penetrated into her window with an awful noise. Here is the arrival of the girl named Sheela. She got up from her bed and peeped out through the window. She took the ball, threw it outside and closed the window. After her 12$^{th}$ STD she was not at all prepared that where to study or what to do. Her parents was always intention about her future. Addiction of social media made her away from society, from home. Home is like a magic box where it hides love, coordination, equity, and so many qualities. If we are closely attached to our home we could feel those qualities. But Sheela was not like that. She always stay in her closed room by using mobile phone. She couldn't take her eyes from the mobile phone. She didn't mind her parent's words. She couldn't recognize her parent's care. Once, can't bearing the pressure made by her parent's she get out from her house, without saying any words she went with her beloved friend. She determined to stay with her, in her house. On that time her parents can't bear their sadness. They felt that they couldn't be a good parents for her. They called her back. But they can't persuade her. She felt that friend circle was more comfortable. Within these days villagers accused her and her family. But later, she felt lonelier there. She really missed her family she recognised that her friend loved her life beyond her own life. The bond between her friend's family made her eyes open. In the evening she bid farewell to her friend's family and returned home. She was alone while returning to home. She observed a mommy cat giving*

*breast milk to her little kitten. Mommy bird flying towards her nest by holding nuts in her beak. She felt the nature around being more and more comfortable to her. When she walked closer and closer towards her house. When she reached her house, she was stucked by seeing her parents. They were waiting for her all day without eating. When she came into her house, her parents embarrassed her they cried a lot. Cool breeze entered in the climax of the story. It kissed her chubby cheeks. As the moral of this story breeze murmured," Home is the best ever comfort zone for every girl in the world. Love of mother, caring of father are the most valuable things that we can acquire in our life. Don't miss the chances of spending time with your family. Home is more valuable than anything. Love your family very much ". Nature echoed these words. Her face was filled with gratitude towards her family. Thus she went home ………..*

# കൊച്ചുപൂവിന്റെ സങ്കടം

ഒരു കുഞ്ഞുപൂവ് സങ്കടപ്പെട്ട് ഇരിക്കുന്നു.
ഞാൻ ചോദിച്ചു: "നീയെന്താ സങ്കടമായി ഇരിക്കുന്നത്?"
അവൾ പറഞ്ഞു: "എന്നെയൊന്നും ആർക്കും വേണ്ടാ"
അതെന്താ നിന്നെ ആർക്കും വേണ്ടാത്തത് ഞാൻ ചോദിച്ചു. ഞാനൊരു കുഞ്ഞി മുക്കുറ്റി പൂവല്ലേ തലയിൽ ചൂടാനോ പൂജയ്ക്കോ അലങ്കാരത്തിനോ എന്നെ ആർക്കും വേണ്ട ആരും ശ്രദ്ധിക്കുക പോലുമില്ല. ആരാലും ശ്രദ്ധിക്കപ്പെടാതെ വാടിപ്പോകാനാണ് എന്റെ വിധി.




പൂവിന്റെ കവിളിലൂടെ കണ്ണുനീർത്തുള്ളി ഒഴുകി. ഞാൻ പറഞ്ഞു: സത്യം അറിയാതെയാണ് നീ സങ്കടപ്പെടുന്നത് ഭൂമിയാകുന്ന ഈ പൂന്തോട്ടത്തിലെ മഞ്ഞപ്പൊട്ടുകളാണ് നിങ്ങൾ. പൊട്ടില്ലാത്ത ഒരു ഭൂമിദേവിയെ കാണാൻ ഒരു ഭംഗിയും ഇല്ലല്ലോ. ഭൂമിദേവിക്ക് സൗന്ദര്യം ചേർക്കുന്ന നിങ്ങളെ ആരും ശ്രദ്ധിക്കുന്നില്ല എന്ന് ആരു പറഞ്ഞു. എന്ത് മനോഹരമാണ് മുക്കുറ്റി പൂവുകൾ മണമോ തേനോ ഇല്ലെങ്കിലും പൂമ്പാറ്റകൾ വരികയില്ലെങ്കിലും ആരും മുടിയിൽ ചൂടിയില്ലെങ്കിലും നിങ്ങൾ ഭൂമിദേവിക്ക് ചെയ്യുന്ന ഈ അലങ്കാരം ഒട്ടും ചെറുതല്ല. സങ്കടം മാറിയ പൂവിന്റെ കവിളിലെ കണ്ണുനീർത്തുള്ളി മുത്തുകൾ പോലെ തിളങ്ങി. അവൾ ചിരിച്ചു: പ്രകൃതി അതുകണ്ട് കോരിത്തരിച്ചു എനിക്ക് സന്തോഷമായി. ആ പൂ പറിച്ച് ഉമ്മ വയ്ക്കാൻ തുടങ്ങിയപ്പോൾ മുക്കുറ്റി പറഞ്ഞു. അയ്യോ എന്നെ പറിക്കരുതേ ഞാൻ ഇവിടെ നിന്നോട്ടെ. അത് കേട്ട് പ്രകൃതി ചിരിച്ചു. ഞാനും ചിരിച്ചു

**ശിവന്യ രാജേഷ്**


## *SOLAR SYSTEM*

***The Solar System is made up of all the planets that orbit around the sun. In addition to planets the solar system also consists of Moons, Comets, Asteroits, minor planets, dust and gases. The inner solar system contains the Sun, Mercury, Venus, Earth and Mars. The main asteroid belt lies between the orbits of Mars and Jupiter, Saturn, Uranus and Neptune. Everything in the solar system orbits or revolves around the sun. The sun contains around 92% of all the materials in the solar system. The larger object is, the more gravity it has. Because the sun is so large, it's powerful gravity attracts all other objects in the solar system towards it. At the same time, these objects which are moving very rapidly, try to fly away from the sun, outward into the emptiness of outer space. Mercury is the fastest elliptical orbit, 42km/s. It has the shortest revolution at 22 days. Pluto has an orbital speed of 5km/s.***




## സുന്ദരിയായ പൂവ്

പണ്ട് പണ്ട് ഒരു പൂന്തോട്ടത്തിൽ ഒരുപാട് പൂക്കളും പൂമ്പാറ്റകളും താമസിച്ചിരുന്നു. അവിടെയുള്ളവയിൽ ഏറ്റവും സുന്ദരി പനിനീർപൂവായിരുന്നു.അതിന്റെ അഹങ്കാരവും അവൾക്കുണ്ടായിരുന്നു. അതുകൊണ്ട് തന്നെ മറ്റു പൂക്കൾക്ക് പനിനീരിനോട് നല്ല അസൂയയായിരുന്നു. തേൻകുടിക്കാൻ വരുന്ന വണ്ടുകളും പൂമ്പാറ്റകളും തമ്മിൽ അവൾക്കുവേണ്ടി തർക്കമുണ്ടാക്കും. തർക്കം പരിഹരിക്കാനാണെങ്കിൽ ഇന്നേ വരെ ആരും വന്നില്ല. പതിവുപോലെ പിറ്റേദിവസവും തർക്കമുണ്ടായി.



അപ്പോഴാണ് ഒരു കുഞ്ഞ് ചെമ്പരത്തിപ്പൂവ് വിരിഞ്ഞു വന്നത്. അതുകണ്ട് പൂക്കളും പൂമ്പാറ്റകളും എന്തിന് പനിനീർപ്പൂവ് പോലും അവളുടെ സൗന്ദര്യത്തിൽ ലയിച്ചുനിന്നുപോയി. പൂമ്പാറ്റകളും വണ്ടുകളും തമ്മിലുള്ള തർക്കം പോലും നിന്നു. കുഞ്ഞു പൂവ് ചോദിച്ചു; "എന്താ നിങ്ങളെന്നെ ഇങ്ങനെ നോക്കുന്നത്."പനിനീർചെടി: എങ്ങനെ



നോക്കാതിരിക്കും കുഞ്ഞേ? ഇപ്പോൾ എന്നേക്കാൾ എത്രയോ മടങ്ങ് സൗന്ദര്യം നിനക്കുണ്ട്. കുഞ്ഞ് പൂവ് പറഞ്ഞു. താങ്കൾ എന്താണ് പറയുന്നത്? ഞങ്ങളെല്ലാവരും പൂക്കളാണ്. ഒരിമിച്ച് വളരുന്നവരാണ്. എല്ലാവർക്കും അവരവരുടേതായ പ്രത്യേകത ഉണ്ടാകും. ഈ ലോകത്തുള്ള എല്ലാവരും സുന്ദരന്മാരും സുന്ദരിമാരും ആണ്. ആ സൗന്ദര്യത്തിൽ നാം അഭിമാനംകൊള്ളുയാണ് വേണ്ടത് അല്ലാതെ അഹങ്കരിക്കുകയല്ലാ. അങ്ങനെയുള്ളവർക്ക് അതിന്റെ ശിക്ഷയും ലഭിക്കും. ഇന്നുമുതൽ നമ്മളെല്ലാവരും കൂട്ടുകാരാണ്.

സുന്ദരിയായ കുഞ്ഞുചെമ്പരത്തിയുടെ വാക്കുകൾ എല്ലാ പൂക്കളുടേയും മനസ്സിൽ തട്ടി. പിന്നെ എല്ലാ പൂക്കളും പൂമ്പാറ്റകളും വണ്ടുകളും സന്തോഷത്തോടെ ജീവിച്ചു.

*ഇതിലുള്ള ഗുണപാഠം ->* **സൗന്ദര്യത്തിലോ നിറത്തിലോ അഹങ്കരിക്കാൻ പാടില്ല, പകരം അഭിമാനിക്കുക.**

**കൃഷ്ണനന്ദ. കെ**

# ഓർക്കുന്നു ഞാൻ അവളെ

*ചുവരിൽ പതിപ്പിച്ച നിന്നുടെ ചിത്രം*
*എന്നുമോർക്കുന്നു ഞാൻ....*
*അന്ന് നീ എന്നോടൊപ്പമുണ്ടായിരുന്ന*
*കാലം....       എങ്ങുമറഞ്ഞുപോയ് നീ*



*കോളേജിൽ അന്നാദ്യമായ് നീ വന്നപ്പോൾ*
*എത്ര മനോഹരം പ്രിയസഖീ...*
*നിന്നിലെ താരമാകുന്ന കൺമിഴികളും*
*തിങ്കളാൽ പ്രഭയുള്ള മുഖവും*
*എന്റെ മനസ്സിനെ ആഴത്തിൽ സ്പർശിച്ചു.*
*നമ്മൾ ആദ്യമായ് കണ്ട ആ നിമിഷം*
*എത്ര ആനന്ദകരമാണെന്റെ സഖീ*
*നമ്മൾ അന്ന് പിണങ്ങിയതും ഇണങ്ങിയതും*
*കളിച്ചതും എന്നെ നീ ശുണ്ഠി പിടിപ്പിച്ചതും*
*എന്നും എന്നിൽ മായാതെ പോകുന്നു.*
*കോളേജിലെ പടികൾ എണ്ണിക്കയറിയ*
*നമ്മുടെ മധുരമൂറും നിമിഷങ്ങൾ*
*അവിടുത്തെ ചുവരുകൾക്കറിയാം*
*നമ്മുടെ ഓരോ ചലനവും*
*ഇന്നു നീ എങ്ങു മാഞ്ഞുപോയ് സഖീ*
*കോളേജിലെ കാന്റീനിൽ ചായ കുടിച്ചും*



*ജ്യൂസ് കുടിച്ചും നമ്മൾ പങ്കുവച്ച ഓർമ്മകൾ*
*ഇന്നതോർക്കുമ്പോൾ എത്ര സുന്ദരം!*
*നീ എവിടെയായാലും നിന്റെ ഓർമ്മകൾ*
*എന്നെന്നും എന്നിൽ അലിഞ്ഞുചേരും.*
*നീ എന്നും എന്നുടെ മാത്രം ഓമലേ....*
*നിന്നുടെ ഓർമ്മകൾ പുതുക്കുന്ന വേളയിൽ*
*ഒന്നു ചോദിക്കട്ടെ ഞാൻ സഖീ....*
*എന്നും ഒരുമിച്ചായിരുന്ന എന്നെ*
*നീ എന്തേ എന്നെ വിളിക്കാതെപോയ?*

# യാത്ര തുടരുകയായിരുന്നു!

ഓർക്കുമ്പോൾ ജീവിതത്തിന്റെ കയ്പ്പും മധുരവും ആകെക്കലർന്ന അനുഭൂതിയായിരുന്നു അത്. തഴുകിയെത്തിയ ഇളംകാറ്റിനെ മുടിയിഴകളാൽ ആസ്വദിക്കുകയായിരുന്നില്ല അവൾ, തന്റെ നേർക്ക് അനുവാദം കൂടാതെത്തുന്ന അവനിൽനിന്നുമുള്ള പ്രതിരോധമായിരുന്നു അത്! മുടിയിഴകൾ തീർത്ത ആ മതിൽക്കെട്ടിനകത്ത് അവൾ സ്വയം തീർത്ത രക്ഷാകവചമായിരുന്നു അത്!

വെയിൽ കനത്തുതുടങ്ങിയിരുന്നു.... ശബ്ദമുഖരിതമായ വീട്ടുപരിസരം



അവൾക്കെന്തോ അപരിചിതമായി ഇന്നു തോന്നി. കുഞ്ഞുങ്ങൾക്ക് തീറ്റത്തേടിപ്പോയ ഉക്കണാംകുരുവി എവിടെനിന്നോ പറന്നുവന്നു. അതിന്റെ ചലനത്താൽ ഇളകിയാടുന്ന മനോഹരമായ കൂട് തന്റെ ശിഥിലമായ ജീവിതമാണോയെന്ന് അവൾ സംശയിച്ചുപോയി. കൂടുതലൊന്നും ആലോചിക്കാൻ സമയമില്ല.

നെറ്റിയിൽ നിന്നുതിർന്ന വിയർപ്പിൻതുള്ളിയുടെ ചൂട് അവളെ സ്വബോധത്തിലേക്കു നയിച്ചു. അവളുടെ യാത്ര തുടരുകയായിരുന്നു, തുടങ്ങുകയായിരുന്നില്ല ! തന്റേതു മാത്രമായ ജീവിതപാതയിൽ നിന്നു സമൂഹത്തെക്കുറിച്ച് ചിന്തിക്കുവാൻ ആ തണുത്ത വരാന്ത അവളെ പ്രേരിപ്പിച്ചു. കുറച്ചുകൂടി സമയമുണ്ട്. അതുവരെ ഇത്തിരി വിശ്രമിക്കാം. കസേര വലിച്ചിട്ട് വരാന്തയുടെ ഒരറ്റത്തവളിരുന്നു.



രണ്ടു വയസ്സായ ഒരു കുഞ്ഞിന്റെ അമ്മയാണെന്ന് ആ യുവതിയുടെ മുഖം അപഗ്രഥിക്കുന്നവർക്ക് മനസ്സിലാക്കുവാനാകില്ലായിരുന്നു. അധ്വാനത്തിന്റേയും അടിച്ചമർത്തലിന്റേയും എത്രയോ വഴികൾ അവൾ സഞ്ചരിച്ചിരിക്കുന്നു. എന്നിട്ടും ചോർന്നുപോകാത്ത ധൈര്യവും ആത്മവിശ്വാസവുമായിരുന്നു അവളുടെ മുഖത്ത് പ്രസന്നമായിരിക്കുന്നത്. പൊട്ടിച്ചിരികളുടെയും ആഹ്ലാദനിമിഷങ്ങളുടെയും ഇടയിലായിരുന്നില്ല അവളുടെ ജീവിതം. കൗമാരത്തിന്റെയും യൗവനത്തിന്റെയും



ഇടയിലേറ്റ മിന്നൽപ്പിണരുപോലെ എങ്ങുമെത്താതതായിരുന്നു അവളുടെ യാത്രകൾ. പതിനെട്ടാം വയസ്സിൽ വിവാഹം കഴിച്ചയച്ചപ്പോൾ മുതൽ ഭർത്താവിന്റെ അടിമയാകാൻ വിധിക്കപ്പെട്ടവൾ ! രാത്രികാലങ്ങൾ മദ്യത്തിന്റെ മണവും പേറിയെത്തുന്ന നാഥനെ കാത്തിരുന്നു. നിർജ്ജീവമായ ആ കണ്ണുകൾ ഒരു യുഗത്തിന്റെ ദൈന്യത മുഴുവനും ഉൾക്കൊണ്ടിരുന്നു. ഒടുവിൽ, അയാൾ ഉപേക്ഷിച്ചപ്പോൾ തന്റെ

കൈക്കുഞ്ഞുമായി ജീവിക്കുവാൻ അവളുടെ മനസ്സിന് ശക്തിയുണ്ടായിരുന്നില്ല, ഒരു നിമിഷത്തിന്റെ അപക്വമായ ചിന്തയിൽ അവൾ അത് തീരുമാനിച്ചു. മരണം അവളുടെ മുന്നിൽ അതിഥിയായി എന്നും വാതിലിൽ മുട്ടി. തൂറക്കുവാൻ തീരുമാനിച്ചുകൊണ്ട് തന്നെ അവളൊരു ദിനം ഒരുങ്ങിനിന്നു. ഒടുവിൽ തന്നെയും കുഞ്ഞിനെയും താങ്ങാൻ ശക്തിയുള്ള ആ കയർക്കുടുക്കിന് ഒന്നുകൂടി ശക്തപ്പെടുത്തിക്കൊണ്ട് അവൾ തന്റെ ഓർമ്മകളെ ശിഥിലപ്പെടുത്തി. പെട്ടെന്ന്, മൂന്നു ലോകവും അനശ്വരമാകുംവിധം ആ പാവനമായ ശബ്ദത്തിനായി അവളുടെ കാതുകൾ വിധിയെഴുതി. അത്രമേൽ അവളുടെ ശരീരം ആ ശബ്ദത്തിന്റെ ശക്തിയാൽ വിറയൽകൊണ്ടു. 'മ്മേ... അമ്മേ...' എന്ന പാതിവിരിയാത്ത ആ ശബ്ദത്തിനുമുൻപിൽ ആ കയർക്കുരുക്ക് സ്വയം കരുത്തുക്ഷയിച്ചു താഴ്ന്നു. നിശ്ചലമായിരുന്ന ജീവിതസ്വപ്നങ്ങൾ മൊട്ടുകൾ വിടർത്തി നിന്നു.



*അതെ..., അവൾ യാത്ര തുടരുകയായിരുന്നു...*
*തന്റെ കുഞ്ഞുങ്ങൾക്കായി തീറ്റത്തേടിയെത്തിയ*
*തുക്കണാംകുരുവി വീണ്ടും ആർദ്രമായി ചിലച്ചു.*
*വരാന്തയിൽ നിന്നുമെഴുന്നേറ്റ് അവൾ നടന്നുനീങ്ങി.*
*തങ്ങളുടെ വേദനകളിൽനിന്നും മുക്തി നേടാൻ*
*കാത്തിരിക്കുന്ന ഒരിപാടുപേർക്കരികിലേക്ക്.....*

# ജീവിതത്തിലെ ഒരഗാത ഗർത്തം

കിഴക്കുദിക്കിൽനിന്ന് സൂര്യകിരണങ്ങൾ ആ മാളികമേലെവന്നു പതിച്ചു. ഇലകളിലും മരങ്ങളിലും മഞ്ഞുതുള്ളികൾ മാണിക്യരത്നംപോലെ വിളങ്ങുന്നുണ്ടായിരുന്നു.

രാജേട്ടാ.... രാജേട്ടാ ഞാൻ ചായ എടുത്തുവച്ചിട്ടുണ്ടേ.... രമയാണ്. ഞാൻ എഴുന്നേറ്റ് കലണ്ടറിലേക്ക് നോക്കി. ശ്ശോ.... നാശം... ഇന്ന് അവധിയാണെന്നാ കരുതിയത്. അപ്പോഴാണ് തിരുവനന്തപുരത്ത് ഒരു മീറ്റിങ്ങുണ്ടെന്ന് വാട്ട്സാപ്പിലിട്ടത്. കുളിച്ചു റെഡിയായി ഞാൻ അടുക്കളയിലേക്ക് നോക്കി. രമ ചോറുതയ്യാറാക്കുകയായിരുന്നു. ഞാൻ വീട്ടിന്റെ മുകളിലേക്ക് കയറി മുകളിലെ മുറിയിലെ വാതിൽതുറന്നു. ങേ... അപ്പുവും അമ്മുവും എവിടെ? എടീ.... രമേ...

എന്താ രാജേട്ടാ.... രമ തിരക്കി.

എടി മക്കളെവിടെ... ഞാൻ ചോദിച്ചു.

ഊം നല്ലയാളാ... ഇന്നലെയല്ലെ നിങ്ങൾ അവരെ ട്യൂഷൻ സെന്ററിൽ ചേർത്തത്. ഇത്രപെട്ടെന്ന് മറന്നോ?

ഹോ... ഞാനതുമറന്നു.... എന്നിട്ട് അവരുപോയോ?

ങാ... *7:00* ക്ക് അല്ലെ ക്ലാസ് അവർ ഇപ്പോൾ ഇവിടെനിന്നിറങ്ങിയതേ ഉള്ളൂ.

ഞാൻ ക്ലോക്കിലേക്കുനോക്കി. ശരിയാണ് സമയം *6:45* ആയി അവിടെയെത്താൻ ഒരു കാൽ മണിക്കൂറെങ്കിലും വേണം.

രമേ... നീ ഇന്നലെ പറഞ്ഞിരുന്നുവെങ്കിൽ ഞാനവരെ കൊണ്ടുവിട്ടുമായിരുന്നല്ലോ..?

ഞാൻ പറഞ്ഞതാ രാജേട്ടാ... അപ്പോൾ അവർ പറയുവാ കുറച്ച് കുട്ടികൾ കൂടിയുണ്ടെന്ന് അവരുടെ കൂടെ പോക്കോളാമെന്ന്. പിന്നെ ഞാൻ തർക്കിക്കാൻ നിന്നില്ല... പിന്നെ ഷർട്ടും ടൈയും പാന്റ്സുമെല്ലാം ഞാൻ കട്ടിലിന്റെ മുകളിൽ ഇസ്തിരിയിട്ടുവെച്ചിട്ടുണ്ട് ട്ടോ..

ഞാനതു കേൾക്കാത്ത ഭാവത്തിൽ പുറത്തേക്ക് നടന്നു. വരാന്തയിൽ പത്രം കൊണ്ടിട്ടിട്ടുണ്ട്. ഞാനതെടുത്തു. ചാരുകസേരയിലിരുന്ന് വായിക്കാൻ തുടങ്ങി. അപ്പോഴേക്കും അകത്തുനിന്ന് ഫോൺ വന്നു. ഞാനകത്തേക്കു നടന്നു ഫോണെടുത്തു.

സർ.... ഒകെ സർ.... ഇന്നു തന്നെ ഫയൽ റെഡിയാക്കാം സർ....



എന്റെ വെപ്രാളം കണ്ട് അടുക്കളയിൽനിന്നും രമ എത്തിനോക്കി. ഓഫീസർ ആണ്. ഫോൺ കട്ട് ചെയ്തതിനു ശേഷം ഞാൻ രമയോട് പറഞ്ഞു. ഇന്ന് തന്നെ ആ ഫയൽ കംപ്ലീറ്റ് ആക്കിവയ്ക്കണം.

അതെങ്ങനെയാ ശരിയാക രാജേട്ടാ... നമ്മളിപ്പോ തറവാട്ടിലല്ലേ ഓഫീസിലെ കാര്യങ്ങളൊക്കെ ബാക്കി ഉദ്യോഗസ്ഥർ ചെയ്യില്ലെ

നിനക്ക് ഇതിന്റെ ഗൗരവം അറിയാഞ്ഞിട്ടാണ് ഒരു ജോലി ഏൽപ്പിച്ചാൽ അത് കൃത്യസമയത്തുതന്നെ പൂർത്തിയാക്കിവെക്കണം ഇല്ലെങ്കിൽ ഓഫീസറുടെ വക വഴക്ക് കേൾക്കേണ്ടിവരും.

അവളൊന്നും പറയാതെ എന്നെയൊന്ന് ഇരുത്തിനോക്കി. ആ നോട്ടത്തിന്റെ അർത്ഥം എനിക്ക് മനസ്സിലായി. ഇന്നലെ പറഞ്ഞുറപ്പിച്ചുവച്ചതാണ് ഇന്ന് ഉഷാന്റിയുടെ വീട്ടിൽ പോകാമെന്ന്.

ഞാൻ ഡ്രസ് ചെയ്ത് തിരുവനന്തപുരത്ത് പോകാനിറങ്ങി.

മോനേ... അമ്മയാണ്. അമ്മയെവിടെയായിരുന്നു?

ഞാൻ അമ്പലത്തിൽ പോയതായിരുന്നു. ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത നിനക്കറിയില്ലേ... ഇന്ന് നിന്റെ പിറന്നാളാ... അമ്മ അമ്പലത്തില് പായസം കഴിപ്പിച്ചിട്ടുണ്ട്. രമ എന്റെ അടുത്തേക്ക് വന്നു. രാജേട്ടാ ഇന്ന് പിറന്നാളാണെന്നറിയില്ലേ.. ഒന്ന് അമ്പലത്തിൽപോയി ജോലിക്ക് പോാൽപോരേ....



രമേ എനിക്ക് തീരെ സമയമില്ല. ഞാനിറങ്ങട്ടെ അമ്മേ ഞാൻ നാളെയെത്താം. അവരുടെ മറുപടിക്ക് കാത്തുനിൽക്കാതെ ഞാൻ നടന്നു.

ഞാൻ ആലോചിക്കുകയായിരുന്നു. ഈ ഒന്നരക്കൊല്ലത്തിനിടയ്ക്ക് താനേറെ മാറിയിരുന്നു. തന്റെ പ്രവൃത്തിയിൽ ജോലികളിൽ എന്തിന് തന്റെ സ്വഭാവത്തിൽപോലും താനറിയാതെ എന്തോ ഒന്ന് കയറിക്കൂടിയിരിക്കുന്നു. എത്ര ശ്രമിച്ചിട്ടും എനിക്ക് അത് കണ്ടെത്താൻ സാധിക്കുന്നില്ല.

മി. രാജൻ താൻ ജോലിയിൽ വളരെ അശ്രദ്ധ പാലിക്കുന്നുണ്ട്. ഒരു ഫയൽ കംപ്ലീറ്റ് ചെയ്യാൻ പറഞ്ഞാൽ.... ഹെന്തായിത്?

സോറി സർ.... ഞാൻ.... എനിക്ക് കുറച്ച് സമയം ആവശ്യമുണ്ട് ഞാൻ ഉടനെ പൂർത്തിയാക്കും സർ...

ഉം... ശരി.. ഞാൻ ഇത്തവണത്തേക്ക് ക്ഷമിച്ചിരിക്കുന്നു.



ഓഫീസിൽനിന്ന് പുറത്തിറങ്ങി. താനെന്താണീ കാണിക്കുന്നത്... തന്റെ ജീവിതലക്ഷ്യം മറ്റൊന്നായിരുന്നു.. എന്നാൽ തന്റെ സാഹചര്യം.... അത് എന്നെ വല്ലാതെ മാറ്റി... ഒരു യന്ത്രത്തെപ്പോലെ ഓഫീസിലേക്ക് എത്തുന്നു.. ജോലിചെയ്യുന്നു.. തിരികെ വീട്ടിലെത്തുന്നു.. തന്റെ ലക്ഷ്യം.. അത് തന്റെ മനസ്സിൽ മായാതെ കിടന്നു.

ഇതിനിടയിലെ വിവാഹം.. കുട്ടികൾ.. അയാൾക്ക് തന്റെ വാക്കുകൾ മുഴുപ്പിക്കാൻ സാധിച്ചില്ല. അപ്പോഴേക്കും.... കണ്ണുതുറന്നു... താനെവിടെയാണ്... വീട്ടിലോ, അല്ല ഇത് മറ്റെവിടെയോ ആണ്. താൻ ആശുപത്രിയിലാണോ? എന്താണ്? എന്താണ് തനിക്ക് സംഭവിച്ചത് ഒന്നും ഓർക്കാൻ കഴിയുന്നില്ല. ചില അദൃശ സ്വരങ്ങൾ മാത്രം കേൾക്കുന്നു. താൻ മയങ്ങിപ്പോയൊ?

ഇരുട്ടിന്റെ ആഘാതമായ ഏകാന്തതയിൽ ഒരു വെളിച്ചം... ഞാനതിന്റെ അടുത്തേക്കുനീങ്ങി. ഒരു കത്തിയെരിയുന്ന വിളക്ക്. എത്ര ശ്രമിച്ചിട്ടും ആ വിളക്ക് തനിക്ക് കൈവശമാക്കാൻ സാധിക്കുന്നില്ല. അത് വേറെയാരോ കൈവശപ്പെടുത്തിയിരുന്നു.

ഒരു അപരിചിതമായ മുഖം... ഞാൻ ചോദിച്ചു. നിങ്ങൾ ആരാണ്. ആ അപരിചിതൻ പറഞ്ഞു. ഞാനോ..... ഞാനാണ് നിന്റെ മനസ്സ്.. തിരകളിലായി ഒഴുകുന്ന ആ മായാജാലം.. അത് കൈയിലൊതുക്കാൻ നിനക്ക്

സാധിക്കുന്നില്ല.. നിന്റെ ഓരോ ആഗ്രഹങ്ങളും ആർഭാടവും എല്ലാം നിനക്കാതിരകൾ കൈയിലൊതുക്കാനുള്ള ശക്തിയെ ക്ഷയിപ്പിച്ചു. അതുവഴി നീ നിന്റെ ജീവിതത്തിലെ മഹത്തരമായ ലക്ഷ്യമായ എരിയുന്ന വിളക്കിനെ നിരന്തരം ഊതിക്കെടുത്താൻ ശ്രമിച്ചു.

പക്ഷേ അത് കെട്ടില്ല. എന്നാൽ ഞാനത് ഇന്ന് കെടുത്താൻ പോകുന്നു. നീ നിന്നെത്തന്നെ വെറുക്കുമാനിമിഷം....

ഇല്ല... ഒരിക്കലുമില്ല... എന്റെ കണ്ണുകളിൽ ഇരുളുകൾ നിറയുന്നു. എനിക്കൊരവസരവും തരണം താങ്കൾ.... ഞാൻ വന്ന പാത ഞാനൊരിക്കലും മറക്കുകയില്ല..... ഹഹ ബഹുരസം തന്നെ.... ആ രൂപം പറഞ്ഞു. എന്നാൽ ശരി, കേട്ടോളും.. നിനക്ക് ഞാനൊരനസരവും കൂടി നൽകാം. എന്നാൽ ഈ അവസരവും നീ കളഞ്ഞാൽ, നിന്റെ ജീവിതത്തിലെ മാർഗദർശികയായ ആ വിളക്ക് എന്നന്നേക്കുമായി കെടുന്നതാണ്.



ഇല്ല... അങ്ങനെ സംഭവിക്കില്ല... ഇല്ല....

എന്താ രാജേട്ടാ.., എന്താ ഇങ്ങനെ പിച്ചും പേയും പറയുന്നത്? താൻ കണ്ണുതുറന്ന് നോക്കി. ആശുപത്രിയിലാണ്. രമയും കുട്ടികളും അമ്മയും ഡോക്ടറും അടുത്തുണ്ട്.

ബ്ലഡ് പ്രഷർ കുറഞ്ഞതാ.., കൃത്യസമയത്ത് എത്തിച്ചതുകൊണ്ട ഭാഗ്യം...


ദേ... താൻ കണ്ടതെല്ലാം സ്വപ്നമായിരുന്നോ.., ആ അപരിചിതൻ.... അതാരായിരുന്നു?

മക്കളെ ഞാനരികിലേക്ക് ചേർത്തു നിർത്തി. അപ്പുവും അമ്മുവും കരയുന്നുണ്ടായിരുന്നു. മക്കളെന്തിനാ കരയുന്നത്? അച്ഛനൊന്നും പറ്റിയില്ല. ന്റെ രാജാ... നിനക്ക് സുഖമില്ലായിരുന്നുവെങ്കിൽ ഇന്നെന്തിനാ പോയത്? അച്ഛനാണ്.

എന്നാലും ന്റെ കുട്ടിക്ക് ഒന്നും പറ്റിയില്ല.... ശിവശിവ....

*ഞാനകലേക്ക് നോക്കി. അവിടെ ഒരു രൂപം മറയുന്നുണ്ടായിരുന്നു. ഞാൻ ഒന്നു മന്ദഹസിച്ചു.....*

## *PHOTOS*









# അമ്മ

അമ്മതൻ മാറിലെ ചൂടേറ്റ്
നിദ്രതൻ
വാതിൽക്കൽ പൊൻപൈതൽ
എത്തിടുമ്പോൾ



മാതാവിനാനനം
ആയിരമായിരനക്ഷത്ര
ക്ഷോഭയിൽ മുങ്ങിടുമ്പോൾ

നിദ്രയിലാണ്ടൊരു പൈതൽതൻ
വക്രത്തെ നോക്കിതൻ ചിത്തം കുളിർത്തിടുമ്പോൾ

ആയിരമായിര സ്വപ്നങ്ങളായത്
മാതൃഹൃദയത്തെ
പുൽകിടുമ്പോൾ




നിദ്രതൻ കോട്ടയിൽ
വിശ്രമിക്കുന്നൊരി

പൂമൊട്ടിനെയൊന്നറുത്തിടല്ലേ

ഭൂമിയിലുള്ളൊരാ മാലാഖതൻ സ്വപ്നം
ആരാലും വന്നൊന്നടച്ചിടല്ലേ.

ശ്രീദേവ് രവി

# *NATURE*


NATURE
Yesterday,I saw a forest
Day after yesterday I found a River.
In that forest and River There are many-
Animals and fishes. It was just like scene mone...
The animals are are being happy
in the forest. The fishes are just enjoying the River.
The people were trying to destroying
these livelyhood but the animal are escaping
from the hunt. The River was very filled with
water and the some parts in water is in mud.
The forest was live an umberlla
under that umberlla there are many moving
thing and that moving things was just
utilizing the umberlla.
Once upon a time there lived a hiddening
ghost.Then the nature become ghost....
The nature begin to destroy thereself
So,it started effecting to people
unfortunetly the people started
destroying nature it first it means.


because of high light.
find the sunlight in the
morning was like spirit of love

The sun's main benifit was
They give much light
in ayurveda's they maried
as the sun is the best doctor
in the nature.
it was like spirit of peace

In the nature there are many
things but the most beautiful and
clever nature foundation was-
the sky.A sky was protecting
us from many magical forms in space
and the sky betrayed us.

## DRAWINGS BY OUR FRIENDS.....














# *PHOTOGRAPHY*









# नहीं हुआ



राघव का एक बड़ा सपना था एक बड़ा घर पर उसके पास उतना पैसा नहीं था । राघव एक परिश्रमी था । उसके परिवार में माँ और उसके दो बहने में है । वह एक छोटा घर में रहता है । राघव छोटी-छोटी काम करके उसके परिवार का ख्याल रखते हैं । एक दिन उसके माँ ने बोला ' राघव मुझे काम करना मुश्किल है तुम सिटी में जाकर एक काम ढूंढो । 'राघव ने बोला ठीक है मां मैं कल जाऊंगा । अगला दिन राघव सिटी जाने की तैयारी किया । जाने के लिए बस नहीं मिला कुछ देर वहां बैठा और कुछ देर के बाद एक बस आया । राघव उसमें चला गया । सिटी में आकर एक घर ढूँढा और उसको एक छोटा घर मिला ।वह आराम से सोने

# बारिश में युद्ध



उस दिन आकाश खूब सारी काली बादलों से भरा था । दिखाने से लगा कि अब बारिश होगा । बारिश के प्रतिसंधि में भी सैनिकों अपनी जान अपने देश के लिए समर्पित करने के लिए तैयार था । पिछले दिन एक खबर मिला कि राष्ट्र के विरुद्ध जगह में चीनो की आक्रमण होने जा रही थी । मेजर मेनोन अपने परिवार को छोड़कर अपने जीवन को समर्पित करने के लिए तैयार था । उस बारिश के समय वह दिल्ली में था । दिल्ली में आक्रमण होने की सूचना था । मेजर मेनन दिल्ली में था इसलिए देशवासियों की सुरक्षा के लिए मेजर मेनन अपने गन और अपने सिपाहियों को लेकर जा रहा था । मेजर मेनन का पुत्र बुखार था । आस-पास कोई डॉक्टर नहीं था तो मेजर को पता

नहीं था कि क्या करूं । मेजर की पत्नी ने कहा कि घर में रहो पर सीधे-साधे लोगों का मृत्यु होगा इसलिए अपने परिवार को छोड़कर दिल्ली जाने की तैयारी की । बहुत दुख से वह घर से निकला , आसमान काली थी । काली आसमान की तरहउसका दिल भी दुख से भरा था । बारिश में फटाफट अपने सेना के साथ दिल्ली की अजान कमार गांव में गया । मेजर मेनोन अपनी सैन्य को सिग्नल दिया फिर चीनो और भारत के युद्ध हुआ । मेजर मेनोन अपनी सारी शक्ति लेकर युद्ध करने लगा तो अब पांच चीन और मेजर मेनोन बाकी था । मेनोन ने दोनो को गोली लगाकर मारा तो तीन चीन पेड़ के पीछे छुपा । जब मेनोन उन्हें गोली लगने की कोशिश किया तो गोली नहीं था । चीनों ने इस अवसर का प्रयोजन किया मेजर के पास आया तो मेजर ने अपना तलवार लेकर एक चीन को मारा । बाकी दोनों ने मेजर को गोली लगाया पर मेजर ने उन दोनों चीजों की जान ले ली । सभी भारतीय और चीनी सैनिक मर गया था । गोली लगने से मेनोन मर गया । उसका पुत्र का बुखार गया था । उस दिन बारिश हुआ था ।


THANKS
LITTLE KITES
GHSS MATHIL